യാണ്. കാര്യമായ നിർദ്ദേശങ്ങളും നൽകിയ മെംബർമാരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അതുകൊണ്ട് ഈ നിയമം പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

The question that the Kerala Municipal Corporations (Second Amendment) Bill, 1969, be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 to 8

The question that clauses 2 to 8 stand part of the Bill was put and carried.

Clauses 2 to 8 were added to the Bill.

Clause 1

Minister for Local Administration (**Shri K. Avukaderkutty Naha Haji**): Sir, I move "In Clause 1, for the figures '1969', the figures '1970' shall be substituted.

The amendment was put and carried.

The question that clause 1, as amended, stands part of the Bill was put and carried.

Clause 1, as amended, was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri K. Avukkadarkutty Naha Haji: Sir, I move that the Kerala Municipal Corporations (Second Amendment) Bill, 1969 be finally passed.

Minister for Education (**Shri C. H. Muhammed Koya**): Sir, I second it.

The question that the Kerala Municipal Corporations (Second Amendment) Bill, 1969 be finally passed was put and carried.

The Bill was passed.

The Kerala University (Amendment) Bill, 1969

Minister for Education (**Shri C. H. Muhammad Koya**): Sir, I introduce the Kerala University (Amendment) Bill, 1969.

Mr. Deputy Speaker: The Bill stands introduced.

Shri C. H. Muhammed Koya: Sir, I move that the Kerala University (Amendment) Bill, 1969 be taken into consideration.

Minister for Irrigation and Agriculture (**Shri O. Koran**): Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) സർ, എനിക്ക് ദീർഘമായി ഒന്നും പറയാനില്ല. കേരള സർവ്വകലാശാലാനിയമം ഈ സഭ അംഗീകരിക്കുകയുണ്ടായി. ആ നിയമത്തിലെ ചില വകുപ്പുകൾ കോടതിയിൽ ചോദ്യംചെയ്യപ്പെട്ടതിനെത്തുടർന്ന് അത് അനുശാസിക്കുന്നപ്രകാരമുള്ള സെനറ്റോ സിൻഡിക്കേറ്റോ അക്കാഡമിക്ക് കൗൺസിലോ ഫാക്കൽട്ടിയോ ഒന്നും രൂപീകരിക്കാൻ സാധ്യമായില്ല. നിലവിലുള്ള മേൽപറഞ്ഞ സ്ഥാപനങ്ങൾ ആകട്ടെ വളരെമുൻപുതന്നെ കാലഹരണം വന്നുപോയവയുമായിരുന്നു. ആ നിലയിൽ സർവ്വകലാശാലയുടെ നടത്തിപ്പിനുവേണ്ടിയുള്ള, ഒരു താൽക്കാലിക നടത്തിപ്പിനുവേണ്ടിയുള്ള നിലയിൽ മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് തൽക്കാലത്തേക്ക് രൂപീകരിക്കാൻവേണ്ടി ഒരു ഓർഡിനൻസ്കൊണ്ടുവരേണ്ടതു് അത്യാവശ്യമായിത്തീർന്നു. അതിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന ഓർഡിനൻസ് ഭരണഘടനപ്രകാരം നിയമമാക്കുന്നതിന്വേണ്ടിയാണ് ഇപ്പോഴ് ഈ ബിൽ സഭമുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത്. ഇതു പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri P. G. Purushothaman Pillai: Sir, I move that the Bill be referred to a Select Committee.

സർ, ഇത് ഒരു ഓർഡിനൻസ് റീപ്ലേസ് ചെയ്യാനുള്ള ഒരു ബിൽ ആണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ആ നിലയ്ക്ക് ഇതു പാസ്സാക്കിഎടുക്കേണ്ടതും ആവശ്യമാണ്. ഈ സന്ദർഭത്തിൽ ഈ അമൻറുമെൻറ് അവതരിപ്പിച്ചുകൊണ്ട് ഒരുകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണു ഞാൻ ഉദ്ദേശിക്കുന്നത്. ഇവിടെ പുതിയ സെനറ്റും സിൻഡിക്കേറ്റും ഫാക്കൽറ്റിയുമെല്ലാം രൂപീകരിക്കുകയുണ്ടായി. അത് എത്രമാത്രം സമീചീനമായിട്ടുണ്ടെന്നുള്ളതു പരിശോധിക്കേണ്ട ഒരു കാര്യമാണ്. ഈ സിൻഡിക്കേറ്റ് രൂപീകരിച്ച അവസരത്തിൽ, യഥാർത്ഥത്തിൽ അത് ഒരു രാഷ്ട്രീയ സിൻഡിക്കേറ്റായിത്തീർന്നിരിക്കുകയാണ്. ഈ നിയമം അവതരിപ്പിക്കുമ്പോഴ് അതിനെതിരായിട്ടു പറഞ്ഞ പല വാദഗതികളും നാം ഇന്ന് ഓർക്കുന്നുണ്ടാകും. ഈ നിയമത്തിനെതിരായി വാദഗതി ഉന്നയിച്ചിരുന്നവർ പ്രധാനമായി ചൂണ്ടിക്കാണിച്ചിരുന്നത് ഇതിനകത്ത് അക്കാഡമിക്ക് എലിമെൻസിനുള്ള പ്രാധാന്യം കുറഞ്ഞുപോകുന്നു എന്നാണ്. അന്നു ബഹുമാനപ്പെട്ട മന്ത്രിയും ഈ ബില്ലിനെ അനുകൂലിച്ചിരുന്നവരുമെല്ലാം കോത്താരികമ്മീഷന്റെ റിപ്പോർട്ടിൽ ഉള്ള ലേ എലിമെൻസും അക്കാഡമിക് എലിമെൻസും തമ്മിലുള്ള സമമായ തുലനത്തെപ്പറ്റി പറഞ്ഞിരുന്നു. ഇന്ന് ഈ പുതിയ സിൻഡിക്കേറ്റുണ്ടാക്കിയിരിക്കുന്നതു തികച്ചും രാഷ്ട്രീയ പരിഗണനയുടെ അടിസ്ഥാനത്തിലാണെന്നുള്ളത് ഖേദകരമായ പരമാർത്ഥമാണ്. അതുപോലെതന്നെ സെനറ്റ് രൂപീകരിച്ചതിലും രാഷ്ട്രീയപരിഗണനകളും കക്ഷിപരിഗണനകളുമാണു ചെന്നെത്തിയത്. അതേപ്പറ്റി പല ആക്ഷേപങ്ങളും ഉണ്ടായി. ഒരു പത്രത്തിൽ അതു മുസ്ലീം വർഗ്ഗീയതയുടെ ഛായ കൊടുത്തു ചിത്രീകരിക്കുകയുണ്ടായി. എനിക്ക് ആ ആക്ഷേപമല്ല ഉള്ളത്. ഈ സെനറ്റ് രൂപീകരിച്ച അവസരത്തിൽ സ്വാഭാവികമായും അതിൽവരാൻ അർഹതപ്പെട്ട ആളുകളെ ഒഴിവാക്കിയിട്ടുണ്ട്. ഈ നിയമസഭയിലെ പലരേയും എടുത്തിട്ടുണ്ട്. എന്നാൽ ദീർഘകാലമായി യൂണിവേഴ്സിറ്റിയുടെ ഉത്തരവാദപ്പെട്ട ബോഡികളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള മെമ്പർമാർ ഇവിടെയുണ്ട്. സെനറ്റിലും ബോർഡ് ഓഫ് സ്റ്റഡീസിലും ഫാക്കൽറ്റിയിലും സ്റ്റേറ്റ് ബോർഡ് ഓഫ് എഡ്യൂക്കേഷനിലുമെല്ലാം സേവനമനുഷ്ഠിച്ചിട്ടുള്ള ആളാണ്, ബഹുമാനപ്പെട്ട ഹമീദ്. അദ്ദേഹത്തെപ്പോലും ഒഴിവാക്കിയിരിക്കുകയാണ്. അതുപോലെതന്നെ ഈ പുതിയ നിയമം ഉണ്ടാക്കുന്നതിന് ഏറ്റവും കൂടുതൽ മുൻകൈ എടുത്തിട്ടുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

സെനറേഴ്സ് ഫോറം എന്നുള്ള ഒരു സംഘടനയാണ്. നിയമസഭയിലെ പല അംഗങ്ങളും അതിലുണ്ട്. പുറത്തുള്ള സെനറർമാർ പലരുമുണ്ട്. വളരെക്കാലമായി സർവ്വകലാശാലയുടെ അടുത്തുകൂടിയിരിക്കുന്ന ചില ദുഷിച്ച പ്രവണതകൾക്കെതിരായിട്ട് ശബ്ദമുയർത്തിക്കൊണ്ടിരുന്നതും യഥാർത്ഥത്തിൽ പുതിയ ഒരു നിയമമുണ്ടാക്കുന്നതിനു മുൻകൈ എടുത്തിട്ടുള്ളതും അവരാണ്. ആ സെനറേഴ്സ് ഫോറത്തിന്റെ തന്നെ പ്രധാനപ്പെട്ട പലരേയും ഇതിൽ മനഃപൂർവ്വം ഒഴിവാക്കിയിരിക്കുന്നു. സെനറേഴ്സ് ഫോറത്തിന്റെ കൺവീനറെ സെനററിലോ സിൻഡിക്കേറ്റിലോ എത്തിനോക്കാൻപോലും അനുവദിച്ചിട്ടില്ല. ഏതായാലും കക്ഷിപരിഗണനയാണെന്നുള്ള ആക്ഷേപം ഉണ്ടാകുമ്പോൾ അതിനകത്ത് പരമാർത്ഥമുണ്ടെങ്കിൽ പരിശോധിക്കണം. കൂട്ടത്തിൽ എനിക്ക് ഒരുകാര്യംകൂടി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. പഴയ യൂണിവേഴ്സിറ്റി അധികാരികൾ അവിടെക്കാണിച്ച പലപല കാര്യങ്ങളെപ്പറ്റി, അധ്യായവും വാക്യവും ഉദ്ധരിച്ചുകൊണ്ട് ഈ സഭയിലെ അംഗങ്ങളുൾപ്പടെ ബഹുമാനപ്പെട്ട മന്ത്രിയുടെമുമ്പിൽ ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. അതിനെപ്പറ്റി അന്വേഷണം നടത്തുന്നു എന്നുപറഞ്ഞു. ഈ നിയമസഭയിൽത്തന്നെ ഒന്നിലധികം പ്രാവശ്യം അതിനെക്കുറിച്ച് ചോദ്യമുണ്ടായി. ആ ചോദ്യത്തിന് അന്വേഷണംനടക്കുന്നു എന്ന് ഉത്തരംപറഞ്ഞു. പക്ഷേ അന്വേഷണം നടന്നിട്ടില്ല. ഇത് എന്തുകൊണ്ടാണെന്നും മനസ്സിലാകുന്നില്ല. ഏതായാലും ഇന്ന് ഇപ്പോൾ ഇതെല്ലാം രൂപീകരിച്ചിട്ടുള്ളപ്പോൾ ഇനിയെങ്കിലും ആ കാര്യത്തെപ്പറ്റി അന്വേഷിക്കണം.

വേറെ ഒരു കാര്യംപറയാനുള്ളത്, ഞാൻ അമൻറുമെൻറായി കൊടുത്തിട്ടുണ്ട്. രണ്ടുകൊല്ലമാണ് പുതിയ ബോഡിക്ക് അധികാരംകൊടുത്തിരിക്കുന്നത്. ഇത്ര ദീർഘമായ കാലാവധികൊടുത്തിരിക്കുന്നതും നേരത്തെ ഞാൻ പറഞ്ഞ കാര്യവുംകൂടി ഒന്നുയോജിപ്പിച്ചുനോക്കിയാൽ വളരെയധികം ദുർവ്യാഖ്യാനിക്കപ്പെടാൻ ഇടയുള്ള കാര്യമാണ്. സെനററും സിൻഡിക്കേറ്റുമെല്ലാം രൂപീകരിച്ചത് രാഷ്ട്രീയമായ പരിഗണനകൂടിവച്ചുകൊണ്ടാണെന്നും അവർക്ക് ഇങ്ങനെയൊരു നീണ്ട കാലാവധി അനുവദിച്ചതുമൊക്കെ പറഞ്ഞാൽ അതിന്റെപേരിൽ ആക്ഷേപമുണ്ടാകുന്നതു സ്വാഭാവികമാണ്. ഈവക കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണു ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. എം. കെ. എ. ഹമീദ്: സർ, ഒരു ഓർഡിനൻസ് നിയമമാക്കാനുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ പുതിയ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം വളരെയധികം ഓർഡിനൻസ് ആവശ്യമുള്ളതും ഇല്ലാത്തതും ഉണ്ടാക്കിയിട്ടുണ്ട്. അതേക്കുറിച്ച് ചില പരാമർശനങ്ങളും ഇവിടെ നടന്നുകഴിഞ്ഞു. മുനിസിപ്പൽ കാർപ്പറേഷൻ ഓർഡിനൻസ് പോലുള്ള ഓർഡിനൻസ്കൊണ്ടുവരുന്നതു നമുക്കു മനസ്സിലാക്കാവുന്നതാണ്. അതേ സമയത്ത് മറ്റു പല ഓർഡിനൻസുകളും യൂണിവേഴ്സിറ്റി ഓർഡിനൻസ് ഉൾപ്പടെയുള്ളവ ഓർഡിനൻസ് രൂപത്തിൽ കൊണ്ടുവരേണ്ടതുണ്ടായിരുന്നോ എന്ന് എനിക്കു സംശയമാണ്. നിയമസഭയോടുള്ള ഒരു അവഹേളനമായി ഈ വക കാര്യങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. നിയമസഭ കൂടണ ജനുവരി 9–ാം തീയതിക്കു രണ്ടു മൂന്നു ദിവസംമുൻപുപോലും ഒരു ഓർഡിനൻസ് ഇറക്കിഎന്നുള്ള കാര്യവും ഇവിടെ സ്മരണീയമാണ്. യൂണിവേഴ്സിറ്റി സെനറ്റ്, സിൻഡിക്കേറ്റ്, ബോർഡ് ഓഫ് സ്റ്റഡീസ്, അക്കാഡമിക്കൗൺസിൽ, ഫാക്കൽറ്റീസ് തുടങ്ങിയ ബോഡികളിലേക്ക് രണ്ടുവർഷത്തേക്കു നോമിനേഷൻ നടത്തുവാൻ, ഗവൺമെൻറിനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള ഒരു നിയമമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സർ, അതിന്

LIBRARY ARCHIVES Kerala Legislative Assembly

കാരണമായി ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് 1969—ൽ പാസ്സാക്കിയ യൂണിവേഴ്സിറ്റി ബില്ലു ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. അതിന്റെ ഫലമായി തിരഞ്ഞെടുപ്പുനടത്തുവാൻ സാധിച്ചില്ലെന്നാണ്. സർ, അത് എന്താണെന്നു ഞാൻ പരിശോധിക്കുന്നില്ല. ഹൈക്കോടതി ബില്ലിനെ ചോദ്യം ചെയ്തിട്ടുണ്ടായിരുന്നുവെന്നുള്ളത് ശരിയാണ്. ഹൈക്കോടതി വിധി പ്രഖ്യാപിച്ചതിനുശേഷം ചില വകുപ്പുകൾ നിഷേധിക്കുകയും ചെയ്തു. നിഷേധിക്കപ്പെട്ട വകുപ്പുകളിൽ ഈ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള വകുപ്പു നിഷേധിക്കപ്പെട്ടിട്ടില്ലെന്നാണ് എന്റെ ഓർമ്മ. ഹൈക്കോടതിയുടെ തീരുമാനം ഇത്തരം ഒരു ഓർഡിനൻസ് അഥവാ ഒരു ബില്ലിനു പ്രേരകമായിത്തീരേണ്ട ആവശ്യം ഞാൻ കാണുന്നില്ല. അഥവാ വേണമെങ്കിൽ സെനറ്റിനു മാത്രമായി നോമിനേഷനുള്ള അധികാരം നൽകാമായിരുന്നു. സെനറ്റാണ് സിൻഡിക്കേറ്റിനെ തിരഞ്ഞെടുക്കുന്നത്, സിൻഡിക്കേറ്റ് രൂപീകരിച്ചതിനുശേഷം ഫാക്കൽറ്റീസ്, ബോർഡ് ഓഫ് സ്റ്റഡീസ് തുടങ്ങിയവ നോമിനേറ്റു ചെയ്യുവാൻ സാധിക്കും. അങ്ങനെ ചെയ്തിരുന്നു എങ്കിൽ കുറേക്കൂടി ജനാധിപത്യമാകുമായിരുവെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇങ്ങനെ ഈ ബോഡികളിലേക്ക് നിയമിക്കപ്പെട്ട ആളുകളെക്കുറിച്ച് പത്രങ്ങളിലും നിയമസഭയ്ക്കകത്തും ചില പരാമർശനങ്ങളുണ്ടായിട്ടുണ്ട്. അതിലേക്ക് കൂടുതലായിട്ട് കടക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. പല രാഷ്ട്രീയ കക്ഷികളും ഈ നാട്ടിലുണ്ട്. രാഷ്ട്രീയകക്ഷികളിൽപ്പെട്ടവരെ നോമിനേറ്റ് ചെയ്യുന്നതിനു ഞാൻ എതിർക്കുന്നില്ല. അങ്ങനെ ചെയ്യുമ്പോൾ അതു മെച്ചപ്പെട്ട രീതിയിൽ ചെയ്യണമെന്നു മാത്രമേ ഉള്ളൂ. ഏഴു രാഷ്ട്രീയകക്ഷികളിലും സമുന്നതരായ ആളുകളുണ്ട്. രാഷ്ട്രീയകക്ഷികളെ നിയമിക്കുമ്പോൾ ആ രാഷ്ട്രീയ കക്ഷികളിൽനിന്നു കിട്ടാവുന്ന ഏറ്റവും നല്ല വ്യക്തികളെ എടുക്കാൻ ഉള്ള പ്രശമമാണ് ഉണ്ടാകേണ്ടത്. അങ്ങനെ ചെയ്തിട്ടില്ലെന്നുള്ളത് ഖേദകരമാണ് സർ. കൂടുതലൊന്നും അതേക്കുറിച്ച് എനിക്കു പറയാനില്ല.

രണ്ടുവർഷത്തേക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യുവാനുള്ള അധികാരമാണ് ഈ ബില്ലിൽ കൊടുത്തിട്ടുള്ളത്. അതുമൂന്നുമാസമെന്നു വച്ചാൽ തരക്കേടില്ല.

ഏതായാലും മൂന്നു മാസത്തിനകം പുതിയ തിരഞ്ഞെടുപ്പു നടത്താൻ അധികാരം ഗവൺമെന്റിനു കൊടുക്കുന്നതു നന്നായിരിക്കുമെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, എനിക്കു മുമ്പു സംസാരിച്ച ബഹുമാനപ്പെട്ട പുരുഷോത്തമൻ പിള്ളയും ബഹുമാനപ്പെട്ട എം. കെ. എ. ഹമീദും പറഞ്ഞ ചില കാര്യങ്ങൾ ആവർത്തിച്ചുപരാമർശിക്കാനും മറ്റു ചില കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കുവാനും ആണ് ഞാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട പുരുഷോത്തമൻപിള്ള അവതരിപ്പിച്ച ഭേദഗതിയെ പിന്താങ്ങുകയാണ്. ഒരു ഓർഡിനൻസ് വന്നാൽ ആർഡിനൻസിന്റെ കാലാവധി തീരുന്നതിനുമുമ്പ് ആ നടപടിക്കു നിയമപ്രാബല്യം കിട്ടുന്നതിനു വേണ്ടിയാണ് ബില്ലു കൊണ്ടുവരുന്നത്. അതുകൊണ്ട് എത്രയും വേഗം പാസ്സാക്കേണ്ടതാണ് എന്നുള്ള അഭിപ്രായത്തോടു വിയോജിപ്പ് ഒന്നും ഇല്ല. ഈ ഓർഡിനൻസിനെ സംബന്ധിച്ചും മറ്റുപല ഓർഡിനൻസും ചർച്ചയ്ക്കുവരുന്ന സമയത്ത് പറയുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ ആവർത്തിക്കുവാൻ ആഗ്രഹിക്കുന്നതും ഇല്ല. കാരണം ഈ ഓർഡിനൻസ് പുറപ്പെടുവിച്ച സമയത്തിന്റെ സ്ഥിതി വച്ചു നോക്കുമ്പോൾ ഈ ഓർഡിനൻസ് ഇന്ന് ആവശ്യമായിരിക്കുന്നുവെന്നുള്ളതിനോടു ഞാൻ യോജിക്കുകയാണ്. കാരണം അതു പുറപ്പെടുവിച്ച സമയത്തെക്കുറിച്ച് പരിശോധിക്കുമ്പോൾ ആവശ്യമായിരുന്നു. പക്ഷേ അങ്ങനെ ഒരു പരിത:

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയിലേക്ക് എത്തിച്ചത് അതിനു മുൻപ് ഗവൺമെൻറും ബന്ധപ്പെട്ട അധികാരികളും സമയത്ത് ചെയ്യുവാൻ കഴിയുമായിരുന്ന കാര്യങ്ങൾ ചെയ്യാതിരുന്നതുകൊണ്ടാണ് ഈ ഓർഡിനൻസ് മൂലം കിട്ടിയ അധികാരം ഉപയോഗിച്ചുകൊണ്ട് നിലവിൽ ഇരിക്കുന്ന സിൻഡിക്കേറ്റും സെനറ്റും മറ്റു യൂണിവേഴ്സിറ്റി അധികാരസമിതികളും പിരിച്ചു വിട്ടത് ഏറ്റവും ശരിയായിരുന്നു. കാരണം ആ സമിതികളുടെ ദുർഭരണംമൂലം സർവ്വകലാശാലകളുടെ സ്ഥിതി അങ്ങേയറ്റം ശോചനീയമായ നിലയിലേക്കു നീങ്ങിയ ഘട്ടത്തിൽ ആണ് ആ പിരിച്ചുവിടൽ നടന്നത്. ആ സമിതികൾ പിരിച്ചു വിട്ടില്ലായിരുന്നുവെങ്കിൽ ആ സ്ഥാപനങ്ങളുടെ പ്രവർത്തനം നടക്കുവാൻ അനുനിമിഷം പ്രയാസം ഉണ്ടായിരുന്നു, പ്രവർത്തനം നടത്തുവാൻ സാധ്യമല്ലാത്തനിലയിൽ സർവ്വകലാശാലാജീവനക്കാരും സർവ്വകലാശാലയുമായിബന്ധപ്പെട്ട മറ്റെല്ലാവിഭാഗങ്ങളും—കാളേജ് അധ്യാപകർ അടക്കമുള്ളവർ—സിൻഡിക്കേറ്റ് പിരിച്ചു വിടുക എന്ന് ആവശ്യപ്പെട്ടുകൊണ്ട മുദ്രാവാക്യം ഉയർത്തിവിട്ട സമയത്തായിരുന്നു തീർച്ചയായും ആ പിരിച്ചുവിടൽ ഉണ്ടായത്. ആ നിലയ്ക്കാണു ഞാൻ പറഞ്ഞത്. ആ സമയത്ത് അങ്ങനെ പിരിച്ചുവിടാനും പുതിയ അധികാര സമിതിയും സെനറ്റും രൂപീകരിക്കുവാനും ആവശ്യമായ അധികാരം ഗവൺമെൻറ് ഓർഡിനൻസ് മൂലം നേടിയെടുത്തതു ശരിതന്നെ. പക്ഷേ അങ്ങനെ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച് ഒരു കാലാവധിയിലേക്ക് സർവ്വകലാശാല അധികാര സമിതിയെ നോമിനേറ്റു ചെയ്യേണ്ട ആവശ്യം വരുകയില്ലായിരുന്നു. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന രീതിയിലുള്ള വാദഗതികളും ശരിയല്ല. ഹമീദ് സാർ ചൂണ്ടിക്കാണിച്ച കാര്യം ഞാൻ ഒന്നുകൂടി ആവർത്തിക്കുകയാണ്. ഈ യൂണിവേഴ്സിറ്റി ആക്ടനുസരിച്ച് (1969-ലെ 9-ാം ആക്ടനുസരിച്ച്) ആ 9-ാംആക്ടിനെ ചോദ്യം ചെയ്തുകൊണ്ട് ഏതാനും കാളേജധികാരികളും, കാളേജുമാനേജുമെൻറുകളും റിട്ടു കൊടുത്തിരുന്നു. സ്റേയും അനുവദിച്ചിരുന്നു. പക്ഷേ ആ കേസുകളെല്ലാംതന്നെ പ്രൈവറ്റു കാളേജധ്യാപകരുടെ സേവനവ്യവസ്ഥയെ ബാധിക്കുന്ന, അതുപോലെതന്നെ പ്രൈവറ്റുമാനേജുമെൻറിനെ സംബന്ധിക്കുന്ന വ്യവസ്ഥകളും ഉൾപ്പെടുത്തിയ 63-ാം വകുപ്പും അതുപോലുള്ള വ്യവസ്ഥകളും സംബന്ധിച്ചായിരുന്നു. ആ ഉത്തരവ് യൂണിവേഴ്സിറ്റി അതാറിട്ടീസിനെ സെലക്ടു ചെയ്യുന്നതിനു സർവ്വകലാശാലയുടെ സെനറ്റും സിൻഡിക്കേറ്റും അക്കാഡമിക് കൗൺസിലും തെരഞ്ഞെടുക്കുന്നതിന് ആവശ്യമായ നടപടി എടുക്കുന്നതിനും അതിനാവശ്യമായ റൂളുകളും നിർമ്മിച്ചു പ്രസിദ്ധം ചെയ്തുകൊണ്ട് തിരഞ്ഞെടുപ്പിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിനും ബുദ്ധിമുട്ട് ഉണ്ടായിരുന്നില്ല. അതിനു വേണ്ടിയുള്ള നടപടി 1969—ലെ നിയമത്തിൽ എൻെറ ഓർമ്മ ശരിയാണെങ്കിൽ, ഫെബ്രുവരി 28—ാംതീയതി ആണെന്നു തോന്നുന്നു, ഫെബ്രുവരി 28—ാം തിയതിക്കു ശേഷം ഈ ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഇടയായ 1969 ഡിസംബറിനു ഇടയിൽ മുമ്പുവളരെ വ്യക്തമായും കൂലങ്കഷമായും സ്റഡി ചെയ്തുകൊണ്ട് തയ്യാറാക്കി പരസ്യം ചെയ്തു പുതിയ സർവ്വകലാശാലാ സമിതികളും ജനാധിപത്യ പരമായ രീതിയിൽത്തന്നെ തിരഞ്ഞെടുപ്പിനു വേണ്ടത്ര അവസരവും സമയവുമുണ്ടായിരുന്നു. എൻെറ അറിവു ശരിയാണെങ്കിൽ അതിനാവശ്യമായ സ്റഡി ചെയ്തുകൊണ്ട് തയ്യാറാക്കി പരസ്യം ചെയ്തു പുതിയ സർവ്വകലാശാലാ സമിതികളും ജനാധിപത്യ പരമായ രീതിയിൽത്തന്നെ തിരഞ്ഞെടുപ്പിനു വേണ്ടത്ര അവസരവും സമയവുമുണ്ടായിരുന്നു. എൻെറ അറിവു ശരിയാണെങ്കിൽ അതിനാവശ്യമായ സ്റഡിയുടെ നക്കൽവരെ തയാറായി; പരസ്യം ചെയ്യുന്നതിനുള്ള ഡ്രാഫ്റ്റുവരെ തയാറായി ഇരിക്കുകയായിരുന്നു. അതു പ്രസിദ്ധം ചെയ്തുകൊണ്ടുന്യായമായ രീതിയിൽ ജനാധിപത്യപരമായ രീതിയിൽ സർവ്വകലാശാല സമിതികളും ഈ ഡിസംബറിനു മുമ്പുതന്നെ തിരഞ്ഞെടുക്കുവാൻ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിന് ഗവൺമെൻറ് കൂട്ടാക്കാഞ്ഞതാണ്. അതിനു ബന്ധപ്പെട്ട അധികാരികളും, ബന്ധപ്പെട്ട വകുപ്പ്, ബന്ധപ്പെട്ട മന്ത്രി എന്നിവർ ആവശ്യമായ നടപടികളും സ്വീകരിക്കാത്തതുകൊണ്ടാണ്. പുതിയ നിയമം നടപ്പിൽ വന്നു, ആ നിയമത്തിനനുസരിച്ചുള്ള മാറ്റങ്ങളും സർവ്വകലാശാലയുടെ ഭരണമണ്ഡലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും വന്നില്ല. ആ നിയമം പുതിയ ഭരണസമിതിയെ വാർത്തെടുത്തു കൊണ്ട് പുതിയ ഭരണസമിതിക്ക് അങ്ങേയറത്തെ അധികാരം നൽകികൊണ്ട് ആ അധികാരങ്ങളും വിനിയോഗിക്കുന്നതിനുള്ള ചട്ടങ്ങളും ഉണ്ടാക്കുന്നതിനും അധികാരം നൽകിക്കൊണ്ട്, രൂപം കൊണ്ട പുതിയ നിയമം, ആ പഴയ സമിതിയാകുന്ന താപ്പാനകളും ഉള്ളതുകൊണ്ട് കൂടുതൽ ബുദ്ധിമുട്ട് യൂണിവേഴ്സിറ്റി ജീവനക്കാർക്കും പ്രൈവറ്റു കാളേജ് അധ്യാപകർക്കും മറ്റു സർവ്വകലാശാലയുമായി ബന്ധപ്പെട്ട അധ്യാപകർക്കും ഉണ്ടായി. അതുകൊണ്ടാണ് സമിതികളും പിരിച്ചുവിട്ടുകൊണ്ട് പുതിയ സമിതികളും നോമിനേറ്റു ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള മുദ്രാവാക്യങ്ങളും ഭൂരിപക്ഷം യൂണിവേഴ്സിറ്റി ജീവനക്കാരിൽനിന്നും മറ്റു വിഭാഗക്കാരിൽനിന്നും ഉണ്ടായത്. അതുകൊണ്ടാണ് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവന്നത്, അതിനെ സാധൂകരിക്കുവാൻ ബില്ലും വേണ്ടിവന്നത്. ഈ രീതിയിൽ ജനാധിപത്യവിരുദ്ധമായ രീതിയിൽ നോമിനേറ്റു ചെയ്യുന്നതിനു ഗവൺമെൻറ് അധികാരം ഏറെറടുത്തു നടപടി സ്വീകരിക്കേണ്ടിവന്നത്, കേരളയൂണിവേഴ്സിറ്റി ആക്ടു നടപ്പിൽ വന്നയുടനെ (1969–ലെ ആക്ടു)യായിരുന്നു.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കേരള സർവ്വകലാശാലയിൽ നോമിനേറ്റു ചെയ്തതുപോലെ നോമിനേറ്റു ചെയ്തിട്ടില്ലെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട മെമ്പർ ഞാൻ പറഞ്ഞത് എന്താണെന്നു ശ്രദ്ധിച്ചു കേട്ടില്ല. അല്ലെങ്കിൽ കേട്ടില്ലെന്നു ഭാവിക്കുന്നു. കാലിക്കട്ട് യൂണിവേഴ്സിറ്റിയും നോമിനേറ്റു ചെയ്യുകയായിരുന്നു. കാലിക്കട്ട് യൂണിവേഴ്സിറ്റി നോമിനേറ്റ് ചെയ്തത് ഏതു പരിത:സ്ഥിതിയിലായിരുന്നു. കാലിക്കട്ട് യൂണിവേഴ്സിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു. തീരുമാനിച്ചുകഴിഞ്ഞു. അതു ഉടനെ പ്രാവർത്തികമാക്കുന്നതിനു ബിൽ പാസ്സാക്കി നിയമമാക്കിയതിനുശേഷം തിരഞ്ഞെടുപ്പു നടത്തി. സമിതികളും ഉണ്ടായാൽ പോരാ എന്നുള്ളതുകൊണ്ട് ആണ് നോമിനേറ്റു ചെയ്തത്. അങ്ങനെയൊരു നോമിനേഷൻ പരിഗണിച്ചശേഷം അങ്ങനെ വരരുത് എന്ന വിചാരമുണ്ടായതുകൊണ്ടാണ് ഈ നിയമസഭ നിലവിലിരുന്ന ഭരണസമിതികൾക്ക് ഒരു വർഷത്തേക്ക് കാലാവധി കൊടുത്തത്. അത് ശ്രീ. ഉണ്ണികൃഷ്ണപിള്ള ഓർക്കുന്നുണ്ടായിരിക്കും. നിലവിലിരിക്കുന്ന ഭരണസമിതികൾക്ക് നോമിനേഷൻ കൊടുക്കരുതെന്നും സാവകാശത്തിൽ തിരഞ്ഞെടുപ്പു നടത്താൻ സമയം കിട്ടണമെന്നും മനസ്സിലാക്കികൊണ്ടാണ് ഒരു വർഷം കൊടുത്തത്. ആ ഒരു വർഷത്തിനുള്ളിൽ തെരഞ്ഞെടുപ്പു നടത്തുവാൻ കഴിയുമായിരുന്നു. ഇല്ലെന്നു ശ്രീ. ഉണ്ണികൃഷ്ണപിള്ള പറയുമെന്നു തോന്നുന്നില്ല. അല്ലെന്നു പറയുവാൻ അദ്ദേഹത്തിനു ബാധ്യതയുണ്ടെങ്കിൽ പറഞ്ഞേക്കും. സാധാരണഗതിയിൽ മൂന്നു മാസത്തിനകം യൂണിവേഴ്സിറ്റിയിൽ പുതിയ തിരഞ്ഞെടുപ്പു നടത്തുവാൻ കഴിയും. ഈ കാലാവധിക്കുള്ളിൽ പുതിയ ഭരണസമിതികളെ തിരഞ്ഞെടുക്കാൻ കഴിയുമായിരുന്നു. കാലാവധിക്കുള്ളിൽ തിരഞ്ഞെടുക്കാൻ കഴിയാതിരുന്നതിനു കാരണം അതിനാവശ്യമായ നടപടികളും ആവശ്യമായ സമയത്തു ചെയ്യാതിരുന്നുവെന്നുള്ളതാണ്. അങ്ങനെ ഈ രീതിയിൽ നോമിനേഷൻ നടക്കേണ്ട ഒരു സ്ഥിതിവിശേഷത്തിൽ കൊണ്ടുചെന്നെത്തിക്കുകയും നോമിനേഷൻ നടക്കുകയും ചെയ്തു. ആദ്യമായി അധികാരമേറെറടുത്തപ്പോഴത്തന്നെ ഹമീദ് സാർ ചൂണ്ടിക്കാണിച്ച കാര്യം ഞാൻ ഒന്നുകൂടി ആവർത്തിക്കുകയാണ്. അടിസ്ഥാനപരമായ ഭരണസമിതികളും എന്നു പറയുന്നതു സെനറ്റും അക്കാഡമിക് കൗൺസിലുമാണ്. അതിലെ തിരഞ്ഞെടുപ്പുകഴിഞ്ഞത് അതിന്

LIBRARY ARCHIVES Kerala Legislative Assembly

അകത്തുനിന്ന്, അതിന്റെ അധികാരമുപയോഗിച്ച് തിരഞ്ഞെടുത്തു നിശ്ച യിക്കേണ്ടവയാണ് മറ്റുള്ള ബോഡികളും. സെനറ്റിൽനിന്നു തിരഞ്ഞെടുക്കുന്ന 12 അംഗങ്ങളും 4 ഗവൺമെന്റുദ്യോഗസ്ഥൻമാരും ചേർന്നതാണ് സിൻഡി ക്കേറ്റ്. അതുപോലെതന്നെ സെനറ്റിൽനിന്നും അക്കാഡമിക് കൗൺസിലിൽ നിന്നും സ്റ്റാറ്റ്യൂട്ടുകളനുസരിച്ച് രൂപീകരിക്കേണ്ടവയാണ് ഫാക്കൽറ്റിയും ബോർഡ് ഓഫ് സ്റ്റഡീസും ഒക്കെ. എന്നാൽ ഗവൺമെൻറ് ആർഡർ പുറപ്പെടുവിച്ചപ്പോൾ ചെയ്തത് അടിസ്ഥാനപരമായ ഈ ജനാധിപത്യ മര്യാദ പാലിക്കുകയല്ല. ഗവൺമെൻറ് ഇതു ചെയ്തത് ഒരു ദുർഘടം തരണം ചെയ്യുന്നതിനുമാത്രമായിരുന്നു. അതിനായിരുന്നെങ്കിൽ സെനറ്റി ലേക്കും അക്കാഡമിക് കൗൺസിലിലിലേക്കും മാത്രം നോമിനേറ്റുചെയ്തു കൊണ്ട് ആർഡിനൻസ് ഉണ്ടാക്കിയാൽമതിയായിരുന്നു. സെനറ്റിലേക്കും അക്കാഡമിക് കൗൺസിലിലേക്കും നോമിനേഷൻ നടത്തിക്കൊണ്ട്, സിൻഡി ക്കേറ്റിനെ എലക്റ്റുചെയ്യാൻപറയാമായിരുന്നു; എലക്റ്റുചെയ്യപ്പെട്ട സിൻഡിക്കേറ്റും ബോർഡ് ഓഫ് സ്റ്റഡീസും ഫാക്കൽറ്റിയും രൂപീകരി ക്കാൻ പറയാമായിരുന്നു. ചുരുക്കത്തിൽ, ഇതിലെ വകുപ്പുകളും എടുത്തു പരിശോധിക്കുമ്പോൾ, ആർഡിനൻസിലെ വകുപ്പുകളും എടുത്തു പരിശോധി ക്കുമ്പോൾ, വളരെ വ്യക്തമായി യൂണിവേഴ്സിറ്റി ആക്ടിൽ നൽകിയിട്ടുള്ള വ്യവസ്ഥകൾക്കു അൽപ്പംപോലും ബഹുമാനം നൽകാതെ, അൽപ്പംപോലും ആദരവു നൽകാതെ, തന്നിഷ്ടമനുസരിച്ച് കഴിയുന്നിടത്തോളം അംഗ ങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഭരണസമിതികളും ഉണ്ടാക്കണമെന്നുള്ള വ്യഗ്രതയാ ണ് ഇങ്ങനെയൊരാർഡിനൻസിനു രൂപം കൊടുത്തതെന്നുള്ള അഭിപ്രായമാ ണെനിക്കുള്ളത്. ആദ്യം കാംപിഹെൻസീവായി അങ്ങേയറ്റം ബോർഡ് ഓഫ് സ്റ്റഡീസിലുള്ള ആളുകളെ വരെ (ഫാക്കൽറ്റിസിലബെയും ബോർഡ ഓഫ് സ്റ്റഡീസിലെയും ആളുകളെ നിയമിക്കാനുള്ള അവകാശം സിൻഡി ക്കേറ്റിനാണ്; ഫാക്കൽറ്റിസിനെയും ബോർഡ് ഓഫ് സ്റ്റഡീസിനെയും സ്റ്റാറ്റ്യൂട്ടുകളനുസരിച്ചുനിയമിക്കാനുള്ള അധികാരം സിൻഡിക്കേറ്റിനാണ്; സിൻഡിക്കേറ്റിൽനിന്ന് എലക്റ്റ് ചെയ്യാമായിരുന്നു; എന്നാൽ സിൻഡി ക്കേറ്റിനെയും നോമിനേറ്റുചെയ്തശേഷം ബോർഡു് ഓഫ് സ്റ്റഡീസ് നെയും ഫാക്കൽറ്റിസിനെയും വരെ) നോമിനേറ്റു ചെയ്യുന്ന രീതിയിലാണ് ഈ അധികാരം കൊടുത്തത്. ഈ പരിത:സ്ഥിതിയും നോമിനേഷനും കൂടി പരിശോധിക്കുമ്പോൾ, നോമിനേറ്റുചെയ്യപ്പെട്ട ഭരണസമിതികളും ഓരോ ന്നിനെയുംകൂടി പരിശോധിക്കുമ്പോൾ, എന്തായിരുന്നു ഗവൺമെൻറിന്റെ ഉദ്ദേശമെന്നും വകുപ്പുമന്ത്രിയുടെ ഉദ്ദേശമെന്നും വ്യക്തമാകും. ഓരോ ഭരണസമിതിയുടെയും ഉള്ളിലേക്കു കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല: ഓരോ ഭരണസമിതിയിലേയും അംഗങ്ങളെക്കുറിച്ച് വിമർശനം നടത്താനും വിശ കലനം നടത്താനും ഞാനുദ്ദേശിക്കുന്നില്ല. എനിക്കു പറയാനുള്ളത്, സിൻഡിക്കേറ്റിന്റെ ഘടനയെസംബന്ധിച്ചിടത്തോളം, കേരള യൂണിവേഴ് സിറ്റി ആക്റ്റിൽ വിഭാവനംചെയ്തിരിക്കുന്ന പരിഗണനയല്ല ബഹുമാന പ്പെട്ട മന്ത്രി കൈക്കൊണ്ടിട്ടുള്ളതെന്നാണ്. ആദ്യംതന്നെ ഒരു കാര്യം പറയാ നുള്ളത്, സെനറ്റ് നോമിനേറ്റുചെയ്യരുത്, സെനറ്റിൽനിന്നു തിരഞ്ഞെ ടുക്കേണ്ടതാണു സിൻഡിക്കേറ്റ് എന്നുള്ള തത്വം യൂണിവേഴ്സിറ്റി ആക്റ്റ് അംഗീകരിച്ചിട്ടുള്ളപ്പോൾ——ചർച്ചകളുടെ അടിസ്ഥാനത്തിലാണ്, ധാരണ കളുടെ അടിസ്ഥാനത്തിലാണ് അംഗീകരിച്ചിട്ടുള്ളത്——ചർച്ചകളിൽ പൊന്തി വന്നിട്ടുള്ള അഭിപ്രായം സിൻഡിക്കേറ്റ് എന്നു പറയുന്നത് സെനറ്റിനു പ്രാതിനിധ്യമുള്ളതും സെനറ്റിൽനിന്നു തിരഞ്ഞെടുക്കേണ്ടതുമായിരിക്കണം എന്നായിരുന്നു. അതുകൊണ്ട് സെനറ്റിൽനിന്നു തിരഞ്ഞെടുക്കേണ്ടതാ യിരുന്നു. അധ്യാപകരെ ആദ്യം സെനറ്റിലേക്കു നോമിനേറ്റു ചെയ്യുന്ന തെന്താണ്? സിൻഡിക്കേറ്റിനെ അതിൽനിന്നു സെനറ്റു തിരഞ്ഞെടുക്കണം. പക്ഷേ ആദ്യം നോമിനേഷൻ കൊടുത്തതോ, സിൻഡിക്കേറ്റിന്;

LIBRARY ARCHIVES Kerala Legislative Assembly

സെനറിലെ അംഗങ്ങളുടെ ലിസ്റ്റ് പബ്ലിഷ് ചെയ്തതിൽ സിൻഡിക്കേറ്റംഗങ്ങളുടെ പേരേ ഇല്ലായിരുന്നു. സിൻഡിക്കേറ്റും സെനറ്റും തമ്മിലുള്ള ബന്ധം എന്തെന്നുപോലും ധാരണയില്ലാത്ത നിലയിൽ സിൻഡിക്കേറ്റിനെ ആദ്യം നോമിനേറ്റുചെയ്യുകയും അതിനുശേഷം, അതിന്റെ പ്രാതിനിധ്യസമിതിയായിരിക്കേണം, അതിൽനിന്നു രൂപംകൊടുത്തു നിലനിറുത്തുന്ന സമിതിയായിരിക്കണം സിൻഡിക്കേറ്റ് എന്ന തത്വത്തിനു കടകവിരുദ്ധമായി പെരുമാറുകയും ചെയ്തിരിക്കുകയാണ്. സെനറിലെ മൊത്തം ഘടനയിലേക്കു ഞാൻ കടക്കുന്നില്ല. അതിലെ വ്യക്തികളെസംബന്ധിച്ചിടത്തോളമുള്ള വിശദാംശങ്ങളിലേക്കു ഒന്നും കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. എന്നാൽ, ഈ നിയമസഭയ്ക്കു പുറത്തും അകത്തും വാദവിഷയമായ, ഇവിടെ ഇന്നു ഭരണകക്ഷിയിലെ ആളുകളായി ഇരിക്കുന്നബഹുമാനപ്പെട്ട മെംബർമാരടക്കം ഉള്ള ആളുകളെ അവതരിപ്പിച്ച് പ്രസ്സുചെയ്ത് പോസ് ചെയ്ത് തള്ളിക്കളഞ്ഞ ഭേദഗതിയാണ്, പ്രിൻസിപ്പൽമാരുടെ പ്രതിനിധികളെക്കൊണ്ടു നിറച്ച്..... പ്രിൻസിപ്പൽമാർക്കു അനർഹമായ പ്രാതിനിധ്യം സെനറിലും സിൻഡിക്കേറ്റിലും അതുപോലുള്ള ഭരണസമിതികളിലും നൽകണമെന്ന വാദഗതി ഈ സംസ്ഥാനത്തിലുണ്ടായിരുന്നു. അതിനെതിരായ വാദഗതിയും ഉണ്ടായിരുന്നു. ആദ്യത്തെ വാദഗതിക്കനുകൂലമായി ഭേദഗതികൾ അവതരിപ്പിക്കുകയും തുശ്ചമായ വോട്ടുകളോടുകൂടി, അങ്ങനെ അവതരിപ്പിച്ച ഭേദഗതികൾ തള്ളിപ്പോകുകയും ചെയ്തു. പക്ഷേ സെനറിലെ ആളുകളുടെ ലിസ്റ്റ് ഒന്നു നോക്കൂ; സിൻഡിക്കേറ്റിലെ ആളുകളുടെ ലിസ്റ്റ് ഒന്നു നോക്കൂ; ഇന്നു മന്ത്രിയായിരിക്കുന്ന ശ്രീ. കെ. എം. ജോർജ്ജ് അടക്കമുള്ള മെംബർമാർ അവതരിപ്പിക്കുകയും പ്രസ്സുചെയ്യുകയും സഭ തള്ളിക്കളയുകയും ചെയ്ത ഭേദഗതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ടാണ് നോമിനേഷൻ നടത്തിയിരിക്കുന്നതെന്നു കാണാം. പ്രൈവറ്റ് കോളേജ് പ്രിൻസിപ്പൽമാർക്കു ആക്ടിൽ ഉദ്ദേശിക്കുന്നതിൽ കൂടുതൽ പ്രാതിനിധ്യം നൽകിക്കൊണ്ട് രൂപംകൊടുത്തിരിക്കുകയാണ്. സെനറിന്റെ ഘടനയുടെ വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട മെംബർ പി. ജി. പുരുഷോത്തമൻ പിള്ള ചൂണ്ടിക്കാണിച്ച ഒരു വിമർശനം ഉണ്ട്. പത്രങ്ങളിൽ വന്നതാണ്. ആ പരമാർശത്തെ അതേ നിലയിൽ ഇവിടെ പറഞ്ഞു വിമർശിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾക്ക് എത്രകണ്ട് പ്രാതിനിധ്യം നൽകാൻകഴിയുമോ അത്രകണ്ടു നൽകണം. അതിനു ഞങ്ങൾ എതിരല്ല. പക്ഷേ —ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടെ ആളുകളെ 20 ശതമാനം—ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ ആളുകളെ, മൊത്തം അംഗങ്ങളുടെ എണ്ണം എടുത്തു പരിശോധിക്കുമ്പോൾ 50 ശതമാനം അംഗങ്ങൾ ഒന്നോ രണ്ടോ രാഷ്ട്രീയപാർട്ടികളുടെ അംഗങ്ങളായി സെനറിൽ കടന്നുകൂടത്തക്കവണ്ണമുള്ള ഒരു സ്ഥിതിവിശേഷമാണുണ്ടാക്കിയിരിക്കുന്നത്. നിയമസഭാസമാജികൻമാരെ നോമിനേറ്റുചെയ്യുന്നതിനെക്കുറിച്ച് പരിശോധിക്കുമ്പോൾ പാർട്ടികൾക്ക് ആനുപാതികമായ പ്രാതിനിധ്യം നൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ചിന്തയുണ്ടായിരുന്നോ? മൊത്തം അംഗങ്ങളുടെ എണ്ണവും നോമിനേറ്റു ചെയ്തിട്ടുള്ള അംഗങ്ങളുടെ വിവരവും എടുത്തു പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന ഒരു വസ്തുതയുണ്ട്: സിൻഡിക്കേറ്റിന്റെ ഘടനയെ സംബന്ധിച്ച് ചർച്ച വന്നപ്പോൾ, യൂണിവേഴ്സിറ്റി ആക്ടനുസരിച്ചുള്ള ഘടന വരുമ്പോൾ അത് രാഷ്ട്രീയക്കാരുടെ ഒരു സിൻഡിക്കേറ്റായിപ്പോകും എന്ന് ആക്ഷേപമുണ്ടായി. അന്നു വ്യക്തമായി പറഞ്ഞത് ഓർമ്മയുണ്ട്, വിവിധ അഭിപ്രായഗതികൾ സെനറിൽ ഉൾക്കൊള്ളുകയും ആ അഭിപ്രായങ്ങൾക്ക് പ്രാതിനിധ്യം വഹിക്കുന്ന പ്രതിനിധികൾ സിൻഡിക്കേറ്റിൽ വരികയും വേണമെന്നാണ്. എന്നാൽ ലിസ്റ്റ് എടുത്തു നോക്കൂ;

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായും 'രാഷ്ട്രീയ റിസർവേഷൻ' ആണു നടത്തിയിരിക്കുന്നത്" എന്നു കാണാം. ഞാൻ വ്യക്തികളുടെ പേരു പറയാനാഗ്രഹിക്കുന്നില്ല. ബോർഡ് ഓഫ് സ്റ്റഡീസിലേക്കും ഫാക്കൽറ്റീസിലേക്കും നോമിനേറ്റുചെയ്തിട്ടുള്ള അംഗങ്ങളുടെ ലിസ്റ്റു പരിശോധിച്ചുനോക്കുക. ഓരോ രംഗത്തും വളരെയധികം പ്രഗൽഭമതികളായ, പഴമയും പരിചയവുമുള്ള അദ്ധ്യാപകരെ ഒഴിച്ചുനിറുത്തിക്കൊണ്ട് മാറ്റുള്ളവരെ കുത്തിത്തിരുകിയിരിക്കുകയാണെന്നു മനസ്സിലാകും. ചില വ്യക്തികളെ ബോർഡ് ഓഫ് സ്റ്റഡീസിലും ഫാക്കൽറ്റീസിലും അക്കാഡമിക് കൗൺസിലിലും ഒക്കെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആ വ്യക്തികളെ അത്രതന്നെ പ്രഗൽഭമതികളാണോ എന്നു പരിശോധിച്ചാൽ ആ പരിശോധനയിൽ ആ ആളുകളെ വളരെയധികം പ്രാഗൽഭ്യമുള്ള ആളുകളൊന്നുമല്ല എന്നു കാണാം. മലയാളത്തിന്റെ കാര്യം.....

ശ്രീ. ഇ. അഹമ്മദ്: പല സമിതികളിൽ ഒരാളെ എടുക്കുന്നതു പാടില്ലെന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: പാടില്ലെന്നുള്ളതു വ്യവസ്ഥയായി ഉണ്ടെങ്കിൽ അങ്ങനെ പറഞ്ഞേനെ. പ്രിൻസിപ്പൽമാരുടെ കാര്യത്തിൽ, ആക്ടിൽ കൊടുത്തിരുന്നതിലും കൂടുതൽ ചെയ്തു എന്നു പറഞ്ഞു. അതിനു വേണമെങ്കിൽ നിങ്ങൾ മറുപടി പറയും, പ്രിൻസിപ്പൽ ആയിട്ടല്ല, രജിസ്റ്റേർഡ് ഗ്രാഡുവേറ്റായിട്ടാണ്, അല്ലെങ്കിൽ എം. എൽ. എ. ആയിട്ടാണ്, അഡ്വക്കേറ്റായിട്ടാണ് നോമിനേറ്റുചെയ്തത് എന്ന മറുപടിയായിരിക്കും നിങ്ങൾ പറയാൻ പോകുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: ചോദ്യത്തിനുള്ള മറുപടി മാത്രമേ പറയേണ്ടതുള്ളു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: വ്യവസ്ഥയുണ്ടെങ്കിൽത്തന്നെ മറ്റുവിധത്തിൽ അതിനെതിരായിട്ടു ചെയ്യാമെന്നു പറഞ്ഞതാണ്. ഉദാഹരണമായി, ബഹുമാനപ്പെട്ട ഗോപിനാഥപിള്ളയുടെ പേര് ലിസ്റ്റിലുണ്ട്. അദ്ദേഹത്തിന്റെ അഡ്രസ്സുതന്നെ മാറ്റിയിരിക്കുകയാണ്. ജി. ഗോപിനാഥൻപിള്ള, ബി. എ., ബി. എൽ. അഡ്വക്കേറ്റ്, മാവേലിക്കര എന്നാണ് കാണുന്നത്. ഈ അഡ്രസ്സു കണ്ടാൽ ഒരു എം. എൽ. എ. യെ ആണ് നോമിനേറ്റു ചെയ്തിരിക്കുന്നതെന്നു തോന്നുമോ?

ശ്രീ. ഇ. അഹമ്മദ്: എം. എൽ. എ. ആയിക്കഴിഞ്ഞാൽ അഡ്വക്കേറ്റല്ലെന്നാണോ ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എം. എൽ. എ. ആയിക്കഴിഞ്ഞാൽ അഡ്വക്കേറ്റാവുകയില്ല എന്നുള്ള അഭിപ്രായമുണ്ടോ എന്നുള്ള ചോദ്യം പ്രസക്തമല്ല. അഡ്വക്കേറ്റിന്റെ പ്രതിനിധികളെക്കൂടുതൽ ഉൾപ്പെടുത്തണം ഉൾപ്പെടുത്തണം എന്നു വാദിച്ച മെംബർമാരുടെ കൂട്ടത്തിൽപ്പെട്ടയാളാണ് ബഹുമാനപ്പെട്ട അഹമ്മദും. അപ്പോൾ ഇങ്ങനെ പറയുന്നതിൽ അത്ഭുതമില്ല.

ശ്രീ. ഇ. അഹമ്മദ്: എന്നെപ്പറ്റി പറഞ്ഞ പരാമർശം തെറ്റാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അന്ന്, വളരെ വ്യക്തമായി, ലീഗൽ പ്രൊഫഷനിൽ പ്രഗൽഭമതികളായ ആളുകളെ ഇതിനകത്തു കൊണ്ടുവരുന്നതിനു വ്യവസ്ഥയുണ്ടായിക്കണമെന്നാണ് പറഞ്ഞത്. പക്ഷെ,

LIBRARY ARCHIVES Kerala Legislative Assembly

ലീഗിൽ പ്രൊഫഷനിലെ പ്രഗൽഭമതികളായ ആരെങ്കിലും ഉണ്ടോ ഇതിൽ? എന്നെയും ഉൾപ്പെടുത്തിക്കൊണ്ടു പറയുകയാണ്, ഈ നിയമസഭയിൽ, ലീഗൽ പ്രൊഫഷനിലെ പ്രഗൽഭമതികളായ ആരും ഈ നിയമസഭയിൽ ഇല്ലെന്ന അഭിപ്രായക്കാരനാണ് ഞാൻ. പ്രഗൽഭമതികളെ കൊണ്ടുവരുന്നതിനു വ്യവസ്ഥ വേണമെന്നാണ് പറഞ്ഞിരുന്നത്. എനിക്കു തോന്നുന്നില്ല പ്രഗൽഭമതികളെ കൊണ്ടുവന്നിട്ടുണ്ടെന്ന്; ബഹുമാനപ്പെട്ട ഗോപിനാഥപിള്ള ലീഗൽ പ്രൊഫഷനിലെ പ്രഗൽഭമതിയാണോ?

ശ്രീ. എം. എം. തോമസ്: സർ, എന്നെയുംകൂടി ബാധിക്കുന്ന ഒരു പരാമർശമായതുകൊണ്ടു പറയുകയാണ്. ലീഗൽ പ്രൊഫഷനിലെ പ്രഗൽഭമതികളാരും ഇല്ലെന്നു പറയുന്നതു ശരിയല്ല. ഞാൻ ഹാജരായ പല കേസ്സുകളും റിപ്പോർട്ടുചെയ്ത കേസുകളാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെംബർ പറയുന്നതു ശരിയല്ലെന്നാണെന്റെ അഭിപ്രായം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: 'ബഹുമാനപ്പെട്ട എം. എം. തോമസ് ഒഴിച്ച്.....' സർ, മുട്ടുന്യായം പറഞ്ഞു നിന്നിട്ടു കാര്യമില്ല.....

ശ്രീ. ഇ. അഹമ്മദ്: ലീഗൽ പ്രൊഫഷനിലെ പ്രഗൽഭമതികളും ഉണ്ടായിരിക്കണമെന്ന അമെൻഡ്മെൻറ് ആരും കൊണ്ടുവന്നിട്ടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അമെൻറുമെൻറ് കൊണ്ടുവന്നിട്ടില്ല. ഓരോ ആളും പ്രഗൽഭമതിയാണോ അല്ലയോ എന്നുള്ളത് ഒരു വിവാദവിഷയമാണ്. അങ്ങനെയിരിക്കെ, ലീഗൽ പ്രൊഫഷനിലെ പ്രഗൽഭമതികളും വേണമെന്ന അമെൻറുമെൻറ് കൊണ്ടുവന്നിട്ടില്ലെന്നുള്ളതു ശരിയാണ്. പക്ഷേ ഇവിടെ നടന്ന ചർച്ചകൾ എടുത്തു പരിശോധിച്ചാലറിയാം, ലീഗൽ പ്രൊഫഷനിലെ പ്രഗൽഭമതികളും കുറെ കടന്നുവരണമെന്നും അതിനുള്ള സാധ്യതകളും ഉണ്ടായിരിക്കണമെന്നുമുള്ള അഭിപ്രായത്തിലേക്കാണ് അന്നത്തെ ചർച്ചകൾ നയിച്ചത്. അല്ലാതെ ലീഗൽ പ്രൊഫഷനിലെ പ്രഗൽഭമതികളും ഉണ്ടായിരിക്കണമെന്നു നിയമത്തിൽ എഴുതിവച്ചാൽ, ശ്രീ. അഹമ്മദു പറയുന്നതുപോലെ ഭേദഗതി എഴുതിവച്ചാൽ, പ്രഗൽഭമതികൾക്ക് വല്ല ഡെഫനിഷനും ഉണ്ടോ?

ശ്രീ. ജി. ഗോപിനാഥൻപിള്ള: യൂണിവേഴ്സിറ്റി ബില്ലിന്റെ ഡിസ്കഷൻ വേളയിൽ ബാർ കൗൺസിൽ അംഗങ്ങൾ വേണമെന്ന് അമെൻഡ്മെൻറുണ്ടായിരുന്നു. പലരും എതിർത്തു. ലീഗിൽ പ്രൊഫഷനിലെ പ്രഗൽഭമതികളും വേണമെന്ന് ആരും തീരുമാനിച്ചിട്ടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ശ്രീ. ഗോപിനാഥപിള്ള സെനറ്റിൽ മെംബറായതിൽ എനിക്കു സന്തോഷമേയുള്ളു. അഭിപ്രായവ്യത്യാസമുള്ളത് അതിലല്ല; ബഹുമാനപ്പെട്ട മെംബറുടെ പേരിലുള്ള ഒരു പേഴ്സണൽ റഫറൻസായിട്ടല്ല ഞാനതു പറഞ്ഞത്; പേഴ്സണൽ റഫറൻസായിക്കരുതി ചോദ്യം ചോദിക്കരുതെന്നപേക്ഷ. ഞാൻ പറഞ്ഞുവന്നത് ഓരോ മെംബറുടെയും.....

ശ്രീ. എം. എം. തോമസ്: ശ്രീ. വാര്യർ സെനറ്റിൽ വരാത്തതിൽ എനിക്കു വളരെ സങ്കടമുണ്ടുകേട്ടോ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ശ്രീ. എം. എം. തോമസ് പ്രത്യേകിച്ചു സങ്കടപ്പെടണമെന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഓരോ വ്യക്തിയുടെയും ഓരോ അംഗത്തിന്റെയും കാര്യം എടുത്തു പരിശോധിച്ചുനോക്കിയാൽ വളരെ വ്യക്തമായും—സിൻഡിക്കേറ്റിലെ മൊത്തം അംഗത്വം എടുത്താൽ—ഗവൺമെന്റു നടത്തിയ സ്വജനപക്ഷപാതത്തിന്റെ—വളരെക്കൂടുതൽ കുഞ്ഞിറ്റികളിലും ഒക്കെ നോമിനേഷൻ നടത്തിയതിൽ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടി സ്വജനപക്ഷപാതം നടത്തിയിരുന്നുവെന്ന് വിമർശിച്ചിരുന്നയാളുകൂടെ—പ്രധാനമായും വിമർശിച്ചിരുന്ന ഭരണത്തിലെ—കൂട്ടുകക്ഷി ഗവൺമെന്റിന്റെ പ്രതിപക്ഷത്തുനിന്ന് വിമർശിച്ചിരുന്ന ബഹുമാനപ്പെട്ട കെ. എം. ജോർജ്ജിന്റെ പാർട്ടിയിലെ ആളുകളെ സെനറ്റിലും സിൻഡിക്കേറ്റിലും നോമിനേറ്റു ചെയ്തിരിക്കുകയാണ്. യാതൊരു തത്വദീക്ഷയുമില്ലാതെ അങ്ങനെ നോമിനേറ്റു ചെയ്തതിൽ സ്വജനപക്ഷപാതം നടന്നിട്ടുണ്ടോ എന്നു പരിശോധിക്കാൻ ഗവൺമെന്റു തയ്യാറാകണം. അതുപോലെ—സിൻഡിക്കേറ്റിലേക്ക് നോമിനേറ്റുചെയ്യുന്ന സമയത്ത് രാഷ്ട്രീയമായ അഭിപ്രായഗതികളും ഉള്ളവർ സിൻഡിക്കേറ്റിൽ വരുന്നതിനു ഞങ്ങൾ എതിരല്ല; വരേണ്ടതാണെന്നുള്ള അഭിപ്രായമാണു ഞങ്ങൾക്കുള്ളത്, പക്ഷേ—'രാഷ്ട്രീയ റിസർവേഷൻ' നടത്തുന്നതിന്റെ പേരിൽ, ഒരു കാലത്ത് യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിൽനിന്ന് ഡീബാർ ചെയ്ത ആളെ വരെ സിൻഡിക്കേറ്റിലേക്ക് നോമിനേറ്റുചെയ്യുന്ന ഹീനമായ നടപടി യൂണിവേഴ്സിറ്റിക്ക് അപമാനകരമാണ്. നിങ്ങൾ അങ്ങനെയൊരാളെ നോമിനേറ്റുചെയ്തിട്ടില്ലേ—ശ്രീ. വക്കം പുരുഷോത്തമൻ?

രാഷ്ട്രീയത്തിന്റെ പേരിൽ, രാഷ്ട്രിയ പാർട്ടിയുടെ പ്രതിനിധികളാണെന്ന പേരിൽ അവർക്ക് ഇതിൽ പ്രാതിനിധ്യം നൽകണമെന്ന
11 A. M. അഭിപ്രായം എനിക്കുണ്ട്. രാഷ്ട്രീയ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് സിൻഡിക്കേറ്റിലെ ചർച്ചകൾ സംപുഷ്ടമാക്കണമെന്നും സംസ്ഥാനത്ത് നിലവിലിരിക്കുന്ന സാമൂഹ്യ പരിതഃസ്ഥിതികൾക്കനുസരിച്ച് ഉപരിവിദ്യാഭ്യാസത്തിന് രൂപം നൽകണമെന്നും ഉള്ള കാര്യത്തിനു വേണ്ടി ഞാനെപ്പോഴും വാദിച്ചിട്ടുള്ളതാണ്.

ഡെപ്യൂട്ടി സ്പീക്കർ: സഭയിലില്ലാത്ത ഒരു വ്യക്തിയെക്കുറിച്ച് ആരോപണം ഉന്നയിക്കുന്നത് വസ്തുത വച്ചുകൊണ്ടായിരിക്കണം.

ശ്രീ.സി. ബി. ചന്ദ്രശേഖരവാര്യർ: വസ്തുത വച്ചുകൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്.

ശ്രീ. പി. പി. ജോർജ്: അദ്ദേഹത്തിനുള്ള ഡിസ്ക്വാളിഫിക്കേഷൻ എന്താണെന്ന് വിശദമാക്കാമോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: വിശദമാക്കാം. ശ്രീ. വക്കം പുരുഷോത്തമൻ യൂണിവേഴ്സിറ്റി എക്സാമിനേഷനുമായി ബന്ധപ്പെടുന്നതിൽ നിന്ന് ഡീ ബാർ ചെയ്യപ്പെട്ടിട്ടുള്ള വ്യക്തിയാണ്.

പി. പി. ജോർജ്:—അതു ശരിയല്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അതു തെളിയിക്കാൻ വേണ്ടി യൂണിവേഴ്സിറ്റിയുടെ രേഖ കാണിച്ച് ബഹുമാനപ്പെട്ട മെമ്പറേയും സ്പീക്കറേയും ബോധ്യപ്പെടുത്താൻ ഞാൻ തയ്യാറാണ്. ഞാനും അദ്ദേഹവും ഒരുമിച്ച് യൂണിവേഴ്സിറ്റി വിദ്യാഭ്യാസം നടത്തിയെന്നുള്ള നിലയ്ക്ക് അക്കാര്യം എനിയ്ക്ക് നേരിട്ടറിയാം.

ശ്രീ. കെ. കരുണാകരൻ: അദ്ദേഹം ബി.എൽ. എടുത്ത് ലാ ഗ്രാഡുവേറ്റായത് എപ്പോഴാണ് എന്നറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ട്രാവൻകൂർ യൂണിവേഴ്സിറ്റി യാണ് അദ്ദേഹത്തെ ഡീ ബാർ ചെയ്തത്. ട്രാവൻകൂർ യൂണിവേഴ്സിറ്റിയുടെ റിക്കാർഡ് എടുത്ത് ശ്രീ. കരുണാകരനെ ബോധ്യപ്പെടുത്താം. വെളിയിലുള്ള യൂണിവേഴ്സിറ്റിയിൽ പോയാണ് അദ്ദേഹം ബി. എൽ. എടുത്തത്. ഞാനിക്കാര്യം ഉദാഹരണമായി ചൂണ്ടിക്കാണിച്ചു എന്നേയുള്ളു. യൂണിവേഴ്സിറ്റിയുടെ ഭരണസമിതികളിൽ നോമിനേറ്റ് ചെയ്യുന്ന കാര്യത്തിൽ യാതൊരു തത്വദീക്ഷയും സ്വീകരിച്ചിട്ടില്ല. അതു പോലെ തന്നെ ഫാക്കൽറ്റീസിലും ബോർഡ് ഓഫ് സ്റ്റഡീസിലും നോമിനേഷന്റെ കാര്യത്തിൽ ഇതുപോലെയാണ് ചെയ്തിട്ടുള്ളത്.

നോമിനേഷനെ സംബന്ധിച്ച് ഇത്രയും കൂടുതൽ സംസാരിക്കുവാൻ ഉള്ള കാരണം വളരെ വ്യക്തമായ രീതിയിൽ പഴയ സിൻഡിക്കേറ്റിനേയും സെനറ്റിനേയും പിരിച്ച് വിട്ട് അതിന്റെ സ്ഥാനത്ത് പുതിയ സിൻഡിക്കേറ്റിനേയും സെനറ്റിനേയും സൃഷ്ടിക്കണമെന്നും അതിലാവശ്യമായ പ്രാതിനിധ്യം നൽകണമെന്നും യണിവേഴ്സിറ്റി ആക്ട് രൂപീകരിക്കുമ്പോഴും ഞങ്ങൾ ആവശ്യപ്പെട്ടിരുന്നത് ഇന്ന് നടന്നുവരുന്ന രീതിയിലുള്ള ദുർനടപടികളും അഴിമതികളും നടക്കരുതെന്നുള്ള അടിസ്ഥാനത്തിലാണ്. ഇന്ന്. ആ നിലയിൽ അതിനെക്കുറിച്ച് പരമാർശിക്കുമ്പോഴും എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. പുരുഷോത്തമൻ പിള്ള പരമാർശിച്ച കാര്യം ഒന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മിപ്പിക്കുവാൻ വേണ്ടിയാണ് അതിന് വ്യക്തമായ മറുപടി കിട്ടണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. ഞാനടക്കമുള്ള നിയമസഭാ സാമാജികൻമാർ മുൻ വൈസ് ചാൻസലർ ശ്രീ. സാമുവൽ മത്തായിയെ സംബന്ധിച്ച് വ്യക്തമായ ആരോപണം ഉന്നയിച്ചുകൊണ്ട് അതു അന്വേഷിക്കാൻ തയ്യാറായാൽ തെളിയിക്കാനുള്ള ഉത്തരവാദിത്വം എടുക്കാമെന്നു പറഞ്ഞുകൊണ്ട് ഞങ്ങൾ ഒരു മെമ്മോറാണ്ടം നൽകിയിരുന്നു. അതിനുശേഷം അതേ സംബന്ധിച്ച് നിയമസഭയിൽ ഉത്തരം പറഞ്ഞു അതേക്കുറിച്ച് അന്വേഷിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു വരുന്നുണ്ടെന്ന്. പക്ഷേ ആ പരാതി കൊടുത്ത ഞങ്ങൾക്കാർക്കും അതേക്കുറിച്ചു എന്തു നടപടിയായി എന്നറിയാൻ കഴിഞ്ഞിട്ടില്ല. അതേക്കുറിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. ആ പരാതിയെക്കുറിച്ച് എന്തു നടപടി സ്വീകരിച്ചു എന്നറിയാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. നടപടി സ്വീകരിച്ചില്ലെങ്കിൽ എത്രയും വേഗം വേണ്ട നടപടികൾ എടുക്കുന്നതിന് തയ്യാറാകണമെന്നാണ് എനിക്ക് അതേക്കുറിച്ച് പറയാനുള്ളത്.

മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് ഞാൻ വേറൊരു അമൻറ് മെൻറു കൂടി അവതരിപ്പിച്ചിട്ടുണ്ട്. ആ അമൻറുമെൻറിന്റെ കാര്യം കൂടി ചൂണ്ടിക്കാണിക്കുകയാണ്. നോമിനേറ്റ് ചെയ്യപ്പെട്ട ബോഡികളുടെ കാലാവധി രണ്ടു വർഷം എന്നുള്ളത് ഒരു വർഷമാക്കി തിരുത്തിക്കൊണ്ട് ഒരു വർഷത്തിനുള്ളിൽ തെരഞ്ഞെടുപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സെനറ്റിനോടും സിൻഡിക്കേറ്റിനോടും ആവശ്യപ്പെടണമെന്ന് ആണ് എനിക്കു പറയാനുള്ളത്. അങ്ങനെ ഒരു വർഷത്തിനുള്ളിൽ ജനാധിപത്യപരമായ രീതിയിൽ ഈ സഭ പാസാക്കിയ യൂണിവേഴ്സിറ്റി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ഭരണ സമിതികൾ സർവ്വകലാശാലയിൽ ഉണ്ടാകാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അതേക്കുറിച്ച് പറയാനുള്ളത്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഈ ബില്ലിനെ സംബന്ധിച്ച് വളരെ അഭിപ്രതീക്ഷിതമായ ചെല കേന്ദ്രങ്ങളിൽ നിന്ന് ഉയർന്നു വന്ന വിമർശനങ്ങൾ കേട്ടതുകൊണ്ടാണ് രണ്ടു വാക്ക് സംസാരിക്കുവാൻ ഞാൻ അനുവാദം ചോദിച്ചത്. ബഹുമാനപ്പെട്ട സി. ബി. സി. വാര്യരും ബഹുമാനപ്പെട്ട പി. ജി. പുരുഷോത്തമൻ പിള്ളയും പ്രത്യേകമായി ഈ ബില്ലിന് എതിരായി

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ച വാദമുഖങ്ങൾ എനിക്ക് തീരെസ്വീകാര്യമായി തോന്നുന്നില്ല. രണ്ടു വർഷക്കാലം ഈ യൂണിവേഴ്സിറ്റി അതാരിറ്റിസ് തുടരണമെന്ന മനപൂർവ്വമായ ഉദ്ദേശം ഗവൺമെൻറിന്റെ ഭാഗത്ത് ഉണ്ടെന്നുള്ളതിന്റെ ദുർവ്യാഖ്യാനം അവരുടെ പ്രസംഗങ്ങളിൽ അടങ്ങിയിട്ടില്ലേയെന്ന് ഞാൻ സംശയിക്കുകയാണ്. അങ്ങനെയല്ലെന്ന് രണ്ടുപേർക്കും അറിയാമെങ്കിലും അതിനുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ഹമീദിനും അറിയാമെങ്കിലും ചില പ്രത്യേക കാരണങ്ങളാൽ അങ്ങനെയാണെന്ന വ്യാഖ്യാനം ആവശ്യമുണ്ടെന്നു വന്നതുകൊണ്ടാണ് അങ്ങനെ സംസാരിച്ചതായി ഞാൻ മനസിലാക്കുന്നത്.

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: പുതിയ ബാഡിയിൽ ഏതിലെങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഉണ്ടോ?

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: പുതുതായി കാൺസ്റ്റിറ്റ്യൂട്ട് ചെയ്ത ബോഡിയിലില്ല. ഞാൻ വളരെക്കാലം കൊണ്ട് നോമിനേറ് ചെയ്ത ഒരു മെമ്പറായിട്ടല്ല, എലക്ട് ചെയ്ത മെമ്പറായിട്ടാണ് സെനറ്റിൽ വരുന്നത്.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: പുതിയ ബാഡിയിൽ വരുന്നതിനുള്ള ചാൻസുണ്ടോ?

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: അതിനുള്ള യോഗ്യത എനിക്കുണ്ട്. സിൻഡിക്കേറ്റിൽ ഒരു മെമ്പറാകാനുള്ള യോഗ്യത എനിക്കുണ്ടെന്നാണ് എന്റെ വ്യക്തമായ അഭിപ്രായം. ഇതിനു മുമ്പ് നോമിനേറ് ചെയ്യപ്പെട്ടല്ല എലക്ടു ചെയ്താണ് ഞാൻ സർവ്വകലാശാലയിൽ വന്നിട്ടുള്ളത്. കഴിഞ്ഞ 10 കൊല്ലമായി തിരഞ്ഞെടുക്കപ്പെട്ടുവന്നിട്ടുള്ള ഒരാളാണ് ഞാൻ. രണ്ടു വർഷക്കാലം ഈ ഗവൺമെൻറ് കുറെ ആളുകൾക്ക് സൗമനസ്യത്തോടുകൂടി ഒരു പാരിതോഷികം നൽകിയതുപോലെ യൂണിവേഴ്സിറ്റിയിൽ സ്ഥാനം നൽകിയിരിക്കുകയാണ്. ഈ രണ്ടു വർഷം യൂണിവേഴ്സിറ്റിയിൽ ദുർഭരണം നടത്തരുതെന്നു അർത്ഥം വരത്തക്ക രീതിയിലുള്ള ദുർവ്യാഖ്യാനം നടത്തിയത് അസഹനീയമായിപ്പോയി. രണ്ടു വർഷക്കാലം എന്നു പറയാൻ കാരണം തിരഞ്ഞെടുപ്പ് എത്രയും വേഗം നടത്തണമെന്നുള്ള ആഗ്രഹം കൊണ്ടുതന്നെയാണ്. തിരഞ്ഞെടുപ്പ് നാളെ നടന്നുകാണാൻ ആഗ്രഹിക്കുന്ന ഒരു ഗവൺമെൻറാണ് ഇവിടെയുള്ളത്. ഇന്നു തന്നെ സ്റ്റാറ്റ്യൂട്ട് റെഡിയായാലും മൂന്നുമാസം കൊണ്ട് തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കുകയില്ല. കുറഞ്ഞത് 5 മാസമെങ്കിലും വേണം. അതിന്റെ സാങ്കേതിക വൈഷമ്യങ്ങളും നൂലാമാലകളുമെല്ലാം ഈ പറയുന്ന ആളുകൾക്കുമറിയാം.

നോമിനേഷനെ സംബന്ധിച്ചു പറഞ്ഞപ്പോൾ ഇവിടെ മറ്റു ചെല കാര്യങ്ങളും പറഞ്ഞു. സെനറ്റിലേക്കും അക്കാഡമിക് കൗൺസിലിലേക്കും നോമിനേറ് ചെയ്തതിനു ശേഷം എലക്ഷൻ വഴി സിൻഡിക്കേറ്റിലേക്ക് തിരഞ്ഞെടുപ്പ് നടത്തണമെന്ന് പറഞ്ഞു. അതിലുള്ള ജനാധിപത്യ മര്യാദ എന്താണെന്ന് മനസിലാകുന്നില്ല. താഴെയുള്ള രണ്ടു ബാഡികളിലേക്ക് നോമിനേഷൻ നടത്തുക അതിൽ നിന്ന് സിൻഡിക്കേറ്റിലേക്ക് തിരഞ്ഞെടുക്കപ്പെടുകയെന്നുള്ള കുറുക്കുവഴി എന്തിനാണെന്ന് മനസിലാകുന്നില്ല. തെരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ എല്ലാ ബാഡികളിലേക്കും നടത്തണം. നോമിനേഷൻ എന്നുള്ള മഹാപരാധം ഈ ഗവൺമെൻറ് ചെയ്തതായി സി. ബി. സി. വാര്യർ വ്യാഖ്യാനിച്ചു. ചില അത്യാവശ്യ സന്ദർഭങ്ങളിൽ ഇതിനു മുമ്പും ഈ സർവ്വകലാശാലയിൽ ചില ആളുകൾക്ക് തുടർന്നുപോകുന്നതിനുള്ള അനുവാദം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: അങ്ങനെ നോമിനേറ്റ് ചെയ്യപ്പെട്ടിട്ടില്ല എന്നല്ല ഞാൻ പറയുന്നത്. ഈ നിയമം നടപ്പിൽ വന്ന സാഹചര്യത്തിൽ നോമിനേഷന്റെ ആവശ്യം ഉണ്ടായിരുന്നോ?

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: വാര്യർ പറഞ്ഞത് നോമിനേഷൻ ചെയ്ത കാലഘട്ടത്തിൽ അതിനു മുമ്പു തന്നെ വേണ്ടി വന്ന എലക്ഷൻ നടത്താമായിരുന്നു എന്നാണ്. അതിനു സാധിക്കാത്ത സാഹചര്യം എന്തായിരുന്നുവെന്ന് നമുക്കറിയാം. ഇപ്പോൾ കോടതിയിലുള്ള കേസിന്റെ അവസാന തീരുമാനം കഴിഞ്ഞതിനുശേഷവും, സ്റ്റാറ്റ്യൂട്ട് ഓർഡിനൻസ് പൂർത്തിയായതിനു ശേഷവും മാത്രമേ തിരഞ്ഞെടുപ്പു നടത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: സ്റ്റാറ്റ്യൂട്ട് നിർമ്മിക്കുന്നതിനേയും യൂണിവേഴ്സിറ്റിയിലെ ഏതെങ്കിലും ബാഡിയിലേക്ക് ഉള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിനെയും ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ?

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചിടത്തോളം പല റിട്ടുകളും ഇന്ന് ഹൈക്കോടതിയിലുണ്ട്. അതിൻമേലൊരു തീരുമാനമുണ്ടാക്കാൻ കാലതാമസം എന്തുണ്ടായാലും ശരി, സ്റ്റാറ്റ്യൂട്ട് നിർമ്മിക്കാനും മറ്റും കുറേ കാലതാമസം വരും. അത്രയും കാലതാമസം അനുഭവിച്ചേ പറ്റൂ. അതിനിടയിൽ എത്രയും വേഗം തിരഞ്ഞെടുപ്പ് നടത്തുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. അതു കൊണ്ടാണ് രണ്ടു വർഷം നിശ്ചയിച്ചതുതന്നെ.

ശ്രീ. എം. കെ. എ. ഹമീദ്: ബോർഡ് ഓഫ് സ്റ്റഡീസിലേക്കും ഫാക്കൽറ്റീസിലേക്കും മറ്റും അംഗങ്ങളെ നിയമിക്കുന്നതിനുള്ള അധികാരം ഗവൺമെന്റു കവർന്നെടുക്കാതെ യൂണിവേഴ്സിറ്റിക്ക് വിട്ടു കൊടുക്കുന്നതല്ലേ നല്ലത്.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: നോമിനേഷൻ തന്നെ ഒരുതലത്തിൽ മാത്രം നടത്തുകയും മറെറാരു തലത്തിൽ എലക്ഷൻ നടത്തുകയും ചെയ്യുന്നതിൽ വിശ്വസിക്കുന്നതിന്റെ മര്യാദ എന്താണെന്ന് മനസിലാകുന്നില്ല. അതു കൊണ്ടുള്ള നേട്ടം എന്താണെന്നും മനസിലാകുന്നില്ല. സിൻഡിക്കേറ്റിലേക്കു മാത്രം തിരഞ്ഞെടുക്കുക, അല്ലെങ്കിൽ ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് തെരഞ്ഞെടുക്കുക, അക്കാഡമിക് കൗൺസിലിലേക്കും സെനറ്റിലേക്കും നോമിനേറ്റ് ചെയ്യുക, എന്നു വച്ചാൽ അതിന്റെ സാംഗത്യം ഉണ്ടെന്നു തോന്നുന്നില്ല. തിരഞ്ഞെടുപ്പുനടത്തുകയാണെങ്കിൽ എല്ലാ ബാഡികളിലും തിരഞ്ഞെടുപ്പു നടത്തുക; അല്ലാത്തപക്ഷം മൊത്തത്തിൽ നോമിനേഷൻ നടത്തുക എന്നുള്ളതായിരിക്കും ഉചിതമെന്നു തോന്നുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് പ്രവർത്തിച്ചിട്ടുള്ളത്.

മറെറാരു കാര്യം പറഞ്ഞത് സെനറ്റിനേറെയും സിൻഡിക്കേറ്റിനേറെയും ഘടനയിൽ വളരെയേറെ അപാകതകളും കടന്നുകൂടിയിട്ടുണ്ടെന്നുള്ളതിനെക്കുറിച്ചാണ്. ബഹുമാനപ്പെട്ട ശ്രീ. സി. ബി. സി. വാര്യർ സിൻഡിക്കേറ്റിന്റെ ഘടനയിൽ കടന്നുകൂടിയ മാലിന്യങ്ങളെപ്പറ്റി പറഞ്ഞുകേട്ടു. അതേ സമയം രാഷ്ട്രീയക്കാർ കടന്നുകൂടുന്നതിൽ എതിരല്ലെന്നും പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ മറെറാരു മെമ്പറെപ്പറ്റി ആരോപണവും ഇവിടെ ഉന്നയിച്ചു. എങ്കിലും ശ്രീ. സി.ബി. സി. വാര്യർ സിൻഡിക്കേറ്റിൽ ഇല്ലാതെ പോയതിൽ എനിയ്ക്ക് കുണ്ഠിതമുണ്ട്. ഈ മാതിരിയുള്ള കാര്യങ്ങളിൽ പൂർണ്ണമായി സഹകരിക്കുന്ന അദ്ദേഹത്തെ അദ്ദേഹത്തിന്റെ പാർട്ടി തിരസ്ക്കരിച്ചതിന്

LIBRARY ARCHIVES Kerala Legislative Assembly

മറ്റാരെങ്കിലും ഉത്തരവാദിയാണോ? തീർച്ചയായും അദ്ദേഹത്തിന്റെ സേവനം സിൻഡിക്കേറ്റിൽ വേണ്ടതായിരുന്നു; അദ്ദേഹം വരേണ്ടതായിരുന്നു. സെനറ്റിന്റെ രൂപീകരണത്തെപ്പറ്റി സംസാരിക്കുമ്പോൾ കോളേജ് പ്രിൻസിപ്പലൻമാരുടെ നോമിനേഷനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ആക്ടിലെ പ്രൊവിഷനോട് അക്ഷരാർത്ഥത്തിൽ പൂർണ്ണമായി യോജിച്ചുകൊണ്ട് നോമിനേഷൻനടത്തണമെന്ന് ശാഠ്യം പിടിക്കുന്നത് ശരിയല്ല. 400–ഓളം ആളുകൾ വരുന്ന ബോഡിയിലേക്ക് നോമിനേഷൻ നടത്തുമ്പോൾ അക്ഷരാർത്ഥത്തിൽ നിലവിലുള്ള നിയമത്തെ അംഗീകരിക്കുക വിഷമമായിരിക്കും. ഈ നിയമനങ്ങൾ നടത്തുമ്പോൾ സ്വാഭാവികമായും ആക്ടിന്റെ സ്പിരിറ്റിനെതിരായി മാത്രം പ്രവർത്തിക്കരുതെന്ന തത്വത്തോട് ഞാൻ യോജിക്കുകയാണ്.

നേരെ മറിച്ച് ആക്ടിൽ പറയുന്ന വ്യവസ്ഥകളെല്ലാം 100 ശതമാനവും അംഗീകരിച്ചുകൊണ്ടുള്ള നോമിനേഷൻ നടത്തുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഏതു സർവ്വകലാശാല ആയാലും ഗവൺമെൻറായാലും വളരെ പ്രയാസമായിരിക്കും. എന്തായാലും ഈ ഘട്ടത്തിൽ മെമ്പറൻമാരുടെ നേർക്ക് നോമിനേറ്റു ചെയ്യപ്പെട്ട മെമ്പറൻമാരുടെ നേർക്ക് വ്യക്തിപരമായ ആരോപണം ഉന്നയിച്ചതിന്റെ പേരിൽ എനിക്ക് മറുപടി പറയാനില്ല. സെനറ്റിലെ നോമിനേഷനെ സംബന്ധിച്ച് ഇതൊരു താൽക്കാലികമായിയൂണിവേഴ്സിറ്റിയിലുള്ള ദുഷിച്ചു നാറിയ ഭരണത്തെ അവസാനിപ്പിക്കുന്നതിനുള്ള ധീരമായ നടപടി എന്നുള്ളതിൽക്കവിഞ്ഞ് ഇതിനെ തലനാരിഴകീറിയെങ്കിലും വിമർശിച്ച ആ നടപടി വളരെ ഖേദകരമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. സിൻഡിക്കേറ്റ് പിരിച്ചു വിടണമെന്ന് അപ്പുറത്തുള്ള ആളുകളിൽ പലരും പല സന്ദർഭങ്ങളിലും ഈ നിയമസഭാതലത്തിൽത്തന്നെ ആക്ഷേപം ഉന്നയിച്ചതാണ്. പിരിച്ചു വിടാത്ത ഗവൺമെൻറിനെ ആക്ഷേപിച്ചതാണ്. ഇങ്ങനെയുള്ള ഒരു നടപടി വളരെ സുധീരം സ്വീകരിച്ചു കഴിഞ്ഞിട്ട് അതിലെ നോമിനേഷനിൽ രാഷ്ട്രീയമായ ചില ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയുള്ള നോമിനേഷൻ ആയിരുന്നുവെന്നും അതിൽ ജാതിക്കും മതത്തിനും എങ്ങനെ പ്രാമുഖ്യം നൽകിയെന്നും, ചില രാഷ്ട്രീയ കക്ഷികൾക്ക് കൂടുതൽ അധികാരം നൽകിയെന്നുമുള്ള വിമർശനങ്ങൾ അർത്ഥശൂന്യമാണെന്നാണ് എന്റെ അഭിപ്രായം. എന്തായാലും ഇങ്ങനെ ഒരു നിയമനിർമ്മാണം നടത്തി, ഇങ്ങനെ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചത് പല വർഷങ്ങളായി ഈ യൂണിവേഴ്സിറ്റിയിൽ നിലനിന്നിരുന്ന ദുഷ്ഭരണം അവസാനിപ്പിക്കുന്നതിന് ഗവൺമെൻറു കാണിച്ച ധീരതയെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. എ. കെ. അപ്പു: സർ, ഈ ഗവൺമെൻറ് നിലവിൽ വന്നപ്പോളായാലും തരക്കേടില്ല, അതിനു മുമ്പുള്ള ഗവൺമെൻറുള്ളപ്പോളായാലും തരക്കേടില്ല ഇക്കാലമത്രയും വളരെ സുപ്രധാനമായ ഒരു തകരാറ് ഗവൺമെൻറിന്റെ അഭിപ്രായങ്ങളിലൂടെ ഞാൻ കാണുന്നുണ്ട്. അതായത് കമ്മിറ്റികളിലേയ്ക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യുമ്പോൾ ആ കമ്മിറ്റിക്ക് അയോഗ്യം കൊളളാവുന്ന ആളാണോ എന്നുള്ള യാതൊരു പരിഗണനയും ഇല്ലാതെ ഗവൺമെൻറിന് ശിങ്കിടി പാടുന്ന കുറെ ആളുകൾക്ക് സ്ഥാനങ്ങൾ കൊടുക്കാൻ വേണ്ടിയും മാത്രം നടത്തുന്ന ഒരു സംപ്രദായമാണ് എനിക്കു കാണാൻ കഴിയുന്നത്. എന്തു കമ്മിറ്റിയിൽ നോക്കിയാലും സിൻഡിക്കേറ്റിലായാലും തരക്കേടില്ല, കോർപ്പറേഷനായാലും തരക്കേടില്ല ഏതു കമ്മിറ്റിയായാലും തരക്കേടില്ല, ഈ കമ്മിറ്റികളിൽ അനൗദ്യോഗിക അംഗങ്ങളെ നിശ്ചയിക്കുമ്പോൾ അങ്ങനെ നിശ്ചയിക്കാൻ ഒരു പ്രത്യേക മാനദണ്ഡം ഗവൺമെൻറ് കൈക്കൊള്ളണമെന്നാണ്. ഔദ്യോഗികാംഗങ്ങൾ നാലോ അഞ്ചോ കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

യിൽ വന്നേക്കാം. കാരണം എക്സ് ഒഫിഷ്യോ ആയിട്ട് പലപ്പോഴും വേണ്ടി വന്നേയ്ക്കാം. പക്ഷേ അനൗദ്യോഗികാംഗങ്ങൾ, പ്രാഗൽഭ്യമുള്ള അനൗദ്യോഗികാംഗങ്ങൾക്കു കുറവുള്ള നാടല്ല കേരളം. അങ്ങനെയിരിക്കെ ഒരു കോർപ്പറേഷന്റെ അനൗദ്യോഗിക ചെയർമാൻ സിൻഡിക്കേറ്റിൽ അംഗം അല്ലെങ്കിൽ, വേറെ ഏതിലെങ്കിലും ഒരംഗം, സെനറ്റിൽ അംഗം ഇങ്ങനെ ഒരേ അംഗം തന്നെ പല പ്രധാനപ്പെട്ട സ്ഥാനങ്ങളിലും കുത്തിത്തിരുകിക്കൊണ്ട് ഒന്നും അവർ വേണ്ടതുപോലെ ചെയ്യാതെ ഇരിക്കുന്ന അവസ്ഥ നന്നല്ല. കഴിഞ്ഞ കാലത്ത് ഇങ്ങനെ ഒരു തെറ്റ് പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, മേലാലെങ്കിലും ഗവൺമെന്റ് ഈ കുറ്റം പരിഹരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ് വിശേഷിച്ചും വിദ്യാഭ്യാസ കാര്യങ്ങളിൽ ഇങ്ങനെയുള്ള ആളുകളെ ഉൾപ്പെടുത്തിയാൽ അതിനുള്ള ദോഷം സ്ഥായിയായിരിക്കും. മറ്റിടങ്ങളിലുള്ളതുമാതിരിയല്ല ഇൻഡസ്ട്രിയൽ കോർപ്പറേഷൻ അല്ലെങ്കിൽ പ്ലാന്റേഷൻ കോർപ്പറേഷൻ, ഫിനാൻസ് കോർപ്പറേഷൻ ഇങ്ങനെയുള്ള കോർപ്പറേഷനുകളിലുള്ള ദോഷം അത്ര സ്ഥായിയായിരിക്കുകയില്ല. നേരെ മറിച്ച് വിദ്യാഭ്യാസ കാര്യങ്ങളിൽ കൊള്ളരുതാത്ത ആളുകളെ കുത്തിത്തിരുകിയാലുണ്ടാകുന്ന ദോഷം സ്ഥായിയായിരിക്കും. എന്നു മാത്രമല്ല കൊള്ളാവുന്ന ആളായാൽത്തന്നെ അയാൾക്ക് കൂടുതൽ സമയവും ഈ കമ്മിറ്റിക്ക് ചെലവഴിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടെങ്കിൽ മാത്രമേ ഈ കമ്മിറ്റിയിൽ ഇടാവൂ എന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. വിശേഷിച്ചും ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ഈ മാതിരി കമ്മിറ്റിയിലേക്ക് ആദ്യം തെരഞ്ഞെടുത്തിരുന്നപ്പോൾ കുറച്ചു മതിപ്പു തോന്നിയിരുന്നു. പക്ഷേ ഈ മാതിരി സിൻഡിക്കേറ്റിലും മറ്റും അംഗങ്ങളെ കണ്ടപ്പോൾ ആ മതിപ്പ് ഇല്ലാതായി എന്നു പറയുന്നതിനു മാപ്പു നൽകണമെന്ന് അപേക്ഷിക്കുകയാണ്. കൂടുതലായി ഒന്നും പറയാൻ ഞാനുദ്ദേശിക്കുന്നില്ല.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: ഈ ബില്ലിനെപ്പറ്റി എന്റെ സ്നേഹിതൻമാർ ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. ശ്രീ. സി. ബി. സി. വാര്യർ ഇതിനെ സ്വാഗതം ചെയ്യുകയും ഓർഡിനൻസ് ആയിക്കഴിഞ്ഞത് അത്യാവശ്യമാണെന്നു പറയുകയും അനുകൂലിക്കുന്നു എന്നു പറഞ്ഞുകൊണ്ട് നോമിനേഷൻ ഭാഗികമായി നടത്താമായിരുന്നു, സിൻഡിക്കേറ്റിൽ എടുക്കാമായിരുന്നു എന്നും പറയുമ്പോൾ എന്തൊക്കെയോ ചില പ്രത്യേക രാഷ്ട്രീയ പരിഗണന ഇതിൽ കാണിച്ചിട്ടില്ലേ എന്നുള്ള വസ്തുത അദ്ദേഹത്തെ വിഷമിപ്പിക്കുന്നു എന്ന് ഞാനോർക്കുകയാണ്. ഇവിടെ ഓബ്ജക്ട്സ് ആൻറ് റീസൺസിൽ പറഞ്ഞിട്ടുണ്ട് ഈ പ്രൊവിഷൻസ് യൂണിവേഴ്സിറ്റി ആക്ടിൽ സ്ട്രക്ചർഡൗൺ ചെയ്തു കഴിഞ്ഞു എന്ന്. അതിന്റെ വെളിച്ചത്തിൽ മുമ്പ് ഈജിയൻ തൊഴുത്തെന്നു പറഞ്ഞ് യൂണിവേഴ്സിറ്റി മാനേജുമെൻറ് മാറണമെന്ന് അസംബ്ലി തലത്തിൽ പലരും പറഞ്ഞ അവസരത്തിൽ പുതിയ ആക്ട് നടപ്പിലാക്കുന്നതിനെ സ്വാഗതം ചെയ്യുകയും അത് ഹൈക്കോടതി സ്ട്രക്ചർഡൗൺ ചെയ്തപ്പോൾ ഭാഗികമായി ഇലക്ഷൻ നടത്താമെന്ന് ഒരു വാദം ശ്രീ. വാര്യർ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഇതിനെക്കുറിച്ച് സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തിട്ടുണ്ട്. അതിന്റെ വിധിക്കുശേഷം വേണ്ട നടപടികൾ എടുക്കുന്നതാണ്. സുപ്രീം കോടതി വിധിക്കുശേഷം ജനാധിപത്യപരമായ രീതിയിൽ യാതൊരു വിഷമവും ഉണ്ടായിട്ടില്ലെന്നുള്ളതാണ് വസ്തുത. സിൻഡിക്കേറ്റിലും സെനറ്റിലും നോമിനേഷന് രാഷ്ട്രീയ പരിഗണന കാണിച്ചു എന്ന് അദ്ദേഹം പറഞ്ഞു. ഒരു ബഹുമാനപ്പെട്ട മെമ്പറെ ഡീബാർ ചെയ്തു എന്നും പാർട്ടി സസ്പെൻഷൻ നടത്തി എന്നുമൊക്കെ പറയുന്നതു ശരിയല്ല. കഴിഞ്ഞ സെനറ്റിൽ തടഞ്ഞുവച്ചതും പിരിച്ചുവിട്ടതുമായ പ്രസിഡൻറുണ്ട്. ഇതൊന്നും സാരമായി ബാധിക്കാത്ത ഈ പരിതഃസ്ഥിതിയിൽ എല്ലാ പാർട്ടികൾക്കും പരിഗണന കൊടുത്തു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് യൂണിവേഴ്സിറ്റി ആക്ടിൽ കാണിച്ചിട്ടുള്ള റെപ്രസന്റേഷൻ ഹെഡ് മാസ്റ്റേഴ്സ്, അഡ്വക്കേറ്റ്സ്, ട്രേഡ്യൂണിയൻസ്, ജേർണലിസ്റ്റ്, സ്റ്റുഡൻസ് ഇവർക്കെല്ലാവർക്കും ശരിയായ പ്രാതിനിധ്യം കൊടുത്തുകൊണ്ട് അപാകതകളും ദൂരീകരിച്ചുകൊണ്ട് നല്ല രീതിയിൽ കൊണ്ടുവന്നിട്ടുള്ള ഇതിനെ ശ്രീ. സി. ബി. സി. വാര്യർ ആക്ഷേപിക്കുന്നതിൽ അതിശയം തോന്നുന്നു. ഭരണപക്ഷത്തിൽ നിന്ന് അപ്പുറത്തു മാറിയിരിക്കുമ്പോൾ ഇപ്പുറത്തുള്ളവർ ചെയ്യുന്നതൊക്കെ തെറ്റാണെന്നു പറയുന്നതു ശരിയല്ല. നോമിനേഷൻ തികതായ പ്രാതിനിധ്യം സെനറ്റിലും സിൻഡിക്കേറ്റിലും പുലർത്തിയിട്ടുണ്ട്. അതിൽ ആർക്കും കുറ്റം പറയാൻ കാണുകയില്ല. ഒരുവശത്തിരിക്കുമ്പോൾ വേറെ രീതിയിൽ കാണുകയും ഭരണകക്ഷി അല്ലെന്നു വരുമ്പോൾ അതു തെറ്റാണെന്നു പറയുകയും ചെയ്യുന്നതു ശരിയല്ല. ശ്രീ. വാര്യർ എക്സ് പീരിയൻസുള്ള ആളാണ്. എതായാലും ശരി ഏറ്റവും ന്യായയുക്തമായിട്ട് ഒരു ഓർഡിനൻസ് കൊണ്ടുവരുകയും ഇന്നത്തെ കോടതി വിധിയെ മാനിച്ചു കൊണ്ട് ജനാധിപത്യപരമായ രീതിയിൽ അതു നടപ്പാക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നതിനെ ആക്ഷേപിച്ചുകൊണ്ട് ശ്രീ. വാര്യർ സഹജമായ രീതിയിൽ പറഞ്ഞതാണെങ്കിൽ ആ പറഞ്ഞതിൽ കാര്യമൊന്നുമില്ല. ഏതായാലുംശരി ഇതിൽ കൂടുതൽ ഇന്നത്തെരീതിയിൽ എല്ലാകൂട്ടർക്കും റെപ്രസന്റേഷൻ കൊടുത്തുകൊണ്ട് നോമിനേഷൻ നടത്താൻ പ്രയാസമായിരിക്കും. സി.ബി. സി. മിടുക്കനാണ്. ശ്രീ. ഹമീദ് അതിനേക്കാൾ മിടുക്കനാണ് അദ്ദേഹത്തെ ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. ഏതായാലുംശരി ഇതെത്രയും വേഗം ആക്ടാക്കുന്നത് അത്യാവശ്യമാണെന്ന് വാര്യർ വരെ സമ്മതിച്ചിട്ടുള്ളസ്ഥിതിക്ക് ഇതെത്രയുംവേഗം നടപ്പാക്കണം. ഇതു കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഒന്നുകൂടി അനുമോദിച്ചുകൊണ്ട് ഞാൻ നിറുത്തുകയാണ്.

ശ്രീ. കെ. കരുണാകരൻ: അത്യാവശ്യമായ കാര്യങ്ങൾക്കു ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവരുക എന്നുള്ളതു ചിലപ്പോഴെല്ലാം സംഭവിക്കാവുന്നതാണ്. ഇക്കാര്യത്തിൽ അത്ര അത്യാവശ്യമുണ്ടായിരുന്നോ എന്നുള്ളതു തർക്കവിഷയമാണ്. പക്ഷേ ഒരു കാര്യം ചൂണ്ടിക്കാണിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ സഭയിൽ കേരള യൂണിവേഴ്സിറ്റി ബില്ലിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ നിലവിലുണ്ടായിരുന്ന സെനറ്റ് സിൻഡിക്കേറ്റ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ആളുകളെ മാറ്റം ചെയ്യണമെന്നും അദ്ധ്യാപകൻമാർ ഉൾപ്പെടെയുള്ള ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ വിശാല മനഃസ്ഥിതി ഇല്ലെന്നും പറഞ്ഞിട്ടുള്ളതാണ്. അത് ശരിയോ തെറ്റോ എന്നുള്ള പ്രശ്നമിരിക്കട്ടെ. ഈ സാഹചര്യത്തിൽ യൂണിവേഴ്സിറ്റി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്ന അവസരത്തിൽ പുനഃസംഘടനയെ സംബന്ധിച്ചിടത്തോളം ഇന്നു സ്വീകരിച്ചിട്ടുള്ള നോമിനേഷൻ സമ്പ്രദായം രണ്ടു വർഷത്തെ കാലാവധിവച്ച് എഴുതേണ്ടതില്ലായിരുന്നു എന്നാണ് എന്റെ നിർദ്ദേശം. അതിന്റെ അർത്ഥം രണ്ടുവർഷത്തിനുമുമ്പ് കേസുകളും സംബന്ധിച്ച് സുപ്രീം കോടതിയിൽ വിധിയുണ്ടായിക്കഴിഞ്ഞാൽ നടപടികളും നടത്തുകയില്ല എന്നുള്ള വിശ്വാസത്തിലല്ല. നേരത്തെമനിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ഏറ്റവും ചുരുങ്ങിയ കാലത്തേക്ക് ഏറ്റവും പെട്ടെന്നു ചെയ്യേണ്ടതായ കാര്യങ്ങൾക്ക് കോടതിവിധി ഉണ്ടാകുന്ന സാഹചര്യത്തിൽ മാത്രമാണ്. അതുപോലെതന്നെ ഇത്തരം സ്ഥാപനങ്ങളിൽ വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ തീരുമാനങ്ങളും ചെയ്യുന്നതിനും ഉപദേശിക്കുന്നതിനും ഉടലെടുക്കുന്ന സ്ഥാപനങ്ങളിൽ രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളെ അംഗീകരിക്കുന്ന സമ്പ്രദായത്തിന് എന്റെ പാർട്ടി ഇതിനുമുമ്പുതന്നെ എതിരഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളതാണ്. എല്ലാ കാര്യങ്ങളിലും രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളെ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരുക എന്നുള്ള സമീപനം നടത്തിയതുതന്നെ ഇതിനുമുമ്പിരുന്ന ശ്രീ. നമ്പൂതിരിപ്പാടു ഗവൺമെന്റിന്റെ കാലത്താണ്. നോമിനേഷൻ നടത്തുന്ന അവസരത്തിൽ രാഷ്ട്രീയപാർട്ടികളെക്കാൾ അതീതമായി കാണുന്നത് ഈ രംഗത്തു പ്രവർത്തിക്കാൻ കഴിവുള്ള വിദഗ്ദ്ധൻമാരെയാണ്. ഇങ്ങനെയുള്ള വിദഗ്ദ്ധൻമാരെ തിരഞ്ഞെടുക്കുമ്പോൾ ഏതെങ്കിലും ഒരു സമുദായത്തിനു കൂടുതൽ സീറ്റുകൾ കിട്ടുന്നതിനെക്കുറിച്ചു പരാതിപ്പെടാൻ ഞാനും എന്റെ പാർട്ടിയും മുതിരുകയില്ല. കാരണം ഈ രംഗത്തുള്ളതു വിദഗ്ദ്ധൻമാരായിരിക്കും വിദഗ്ദ്ധൻമാരെ സംബന്ധിച്ചിടത്തോളം ഇന്നുള്ള നോമിനേഷനെക്കുറിച്ച് അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കാം. ശ്രീ. സി. ബി. സി. വാര്യർ ഒരു ബഹുമാനപ്പെട്ട മെമ്പറെക്കുറിച്ചു നടത്തിയിട്ടുള്ള പ്രതിപാദനം നിർഭാഗ്യകരമായിപ്പോയി. ഈ സഭയിലെന്നല്ല വളരെ സമുന്നതമായ സ്ഥാനത്തുപോലും വിദ്യാഭ്യാസരംഗത്തും മറ്റു രംഗങ്ങളിലും ഇന്ന് ഇരിക്കുന്ന പലമഹാൻമാരും പല യോഗ്യൻമാരും ഒരുകാലത്തു ഈ സംസ്ഥാനത്തിലെകോളേജിൽ പഠിക്കാൻ കൊള്ളരുതാത്തവരാണെന്നു പറഞ്ഞ ആളുകളാണ്. പലരെയും സസ്പെൻറുചെയ്തിട്ടുള്ള ആളുകൾ ഉണ്ട്. അങ്ങനെയുള്ള ആളുകളെല്ലാം ചില കാലഘട്ടങ്ങളിൽ ജനങ്ങളുടെവികാരങ്ങൾ അനുസരിച്ച് പ്രവർത്തിച്ചിട്ടുള്ളതിന്റെപേരിൽ ശിക്ഷ അനുഭവിക്കേണ്ടിവന്നിട്ടുള്ളവരാണ്. ഇതെല്ലാം ചെയ്തത് അംഗീകരിക്കുകയും അവർക്ക് മാന്യമായ സ്ഥാനം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീ. ബേബി ജോണിനെ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിൽ നിന്നും പുറത്താക്കിയിട്ട് തിരുവിതാംകൂറിലെ ഒരു കോളേജിലും പഠിക്കാൻ പാടില്ലെന്നു പറഞ്ഞ് പുറത്താക്കിയിട്ട് അദ്ദേഹം കൊച്ചിയിൽ വന്നാണ് പഠിച്ചത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ശ്രീ. സി. ബി. സി. വാര്യർ പ്രോക്ടീസു ചെയ്ത അഭിഭാഷകനാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ച് ആരും വിമർശിക്കുമെന്നു ഞാൻ കരുതുന്നില്ല. ശ്രീ. സി. ബി. സി. വാര്യരെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഇതെന്നല്ല എല്ലാ കാര്യങ്ങളിലും ചില പഴുതുകളെല്ലാം കണ്ടെത്താൻ കഴിവുള്ള ആളാണ്. ആ അവസരത്തിൽ കവിഞ്ഞ് ഇങ്ങനെയൊരു പ്രതീക്ഷ ഉണ്ടായി എന്നു ഞാൻ കരുതുന്നില്ല. ഏതായാലും രണ്ടു കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഓർഡിനൻസ് പുറപ്പെടുവിക്കുമ്പോൾ അത്യാവശ്യമായ കാര്യങ്ങൾക്കു വേണ്ടിയായിരിക്കണം. അതുപോലെതന്നെ നോമിനേഷൻ നടത്തുന്നതാണെങ്കിൽതന്നെയും ആ രംഗത്തുള്ള വിദഗ്ദ്ധൻമാരെയായിരിക്കണം സ്വീകരിക്കേണ്ടതെന്നുള്ളതു ഗവൺമെൻറ് നിശ്ചയമായും പരിഗണിക്കണം. വിദഗ്ദ്ധൻമാരെ എടുക്കുമ്പോൾ എല്ലാ സമുദായത്തിൽനിന്നും കണ്ടേക്കാം.

ശ്രീ. എ. വി. കുഞ്ഞമ്പു: നോമിനേറ്റു ചെയ്തിട്ടുള്ള സിൻഡിക്കേറ്റിലെ എല്ലാ ബഹുമാനപ്പെട്ട മെമ്പറൻമാരും അതിലേക്കു തികച്ചും യോഗ്യരാണെന്നാണോ മനസിലാക്കേണ്ടത്?

ശ്രീ. കെ. കരുണാകരൻ: ഓരോരുത്തർക്കും ഓരോരുത്തരെക്കുറിച്ചും വ്യത്യസ്തമായ അഭിപ്രായമുണ്ട്. ഞാൻ യോഗ്യനാണെന്നു വിചാരിക്കുന്ന ആളുകൾ മറ്റു ചിലർക്ക് അയോഗ്യരായിരിക്കാം. എല്ലാവരും സ്നേഹിക്കുന്ന യോഗ്യരായ ആളുകളായിരിക്കണം. അങ്ങനെയുള്ളവർ ഉണ്ടോ ഇല്ലയോ എന്നുള്ള കാര്യത്തെക്കുറിച്ച് വിമർശനത്തിനുള്ള പാഴ്വേല നടത്താൻ ഞാൻ മുതിരുന്നില്ല. നോമിനേഷൻ നടത്തുമ്പോൾ ഈ രംഗത്ത് പരിചയമുള്ള വിദഗ്ദ്ധൻമാരായിരിക്കണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഡീബാർ ചെയ്തത് അത് രാഷ്ട്രീയകാരണങ്ങളാൽ ആണെന്നു പറയുന്നത് ശരിയല്ല. എക്സാമിനേഷനിൽ നിന്നു ഡീബാർ ചെയ്യുന്നത് രാഷ്ട്രീയകാരണങ്ങളാലാണെന്നു ഞാൻ മനസ്സിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിദ്യാഭ്യാസവും വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഈ ഭേദഗതികളെയെല്ലാം എതിർത്തു കൊണ്ട് ഏതാനും വാക്കുകൾ ശ്രീ. ഉണ്ണികൃഷ്ണപിള്ള പറഞ്ഞതിനോടു കൂട്ടിച്ചേർക്കാൻ മാത്രമേ ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നുള്ളു. ബഹുമാനപ്പെട്ട ശ്രീ. വാര്യരും അദ്ദേഹത്തിന്റെ കക്ഷിയിൽനിന്നു സംസാരിച്ച ഒന്നുരണ്ടു മെമ്പറൻമാരും ഈ നോമിനേഷൻ ഭാഗികമായി നടത്താമായിരുന്നു എന്നൊരു സൂചന നൽകുകയുണ്ടായി. ശ്രീ. ഉണ്ണികൃഷ്ണപിള്ള അതിനു മറുപടി പറഞ്ഞിട്ടുണ്ട്. ഈ നോമിനേഷനുള്ള ഗവൺമെൻറിന്റെ അധികാരം ഉപയോഗിച്ചു ആദ്യം ഗവൺമെൻറ് ഒരു ബോഡിയെ നോമിനേറ്റുചെയ്യുക, എന്നിട്ടു ആ ബോഡിയിലേയ്ക്കു ഈ അധികാരം സംക്രമിക്കുക ഇതാണോവേണ്ടത്? അങ്ങനെ ചെയ്യുന്നതിനു പകരം താൽക്കാലികമായി ഓരേർപ്പാടെന്നുള്ള നിലയിൽ എല്ലാ ബോഡികളെയും നോമിനേറ്റു ചെയ്യുന്നതുവഴി മുഴുമിപ്പിക്കുക, നോമിനേഷൻ ഏറ്റവും കുറഞ്ഞ കാലത്തേയ്ക്കു നിലനിർത്തുകയെന്നുള്ളതായിരുന്നു ഗവൺമെൻറിന്റെ നയം. രണ്ടുകൊല്ലം ഈ ബില്ലിൽ പറഞ്ഞിട്ടുണ്ടെങ്കിലും സുപ്രീംകോടതിയുടെ വിധി കിട്ടിക്കഴിഞ്ഞയുടനെ അതിനുള്ള നടപടി വളരെ വേഗം എടുത്തു കഴിയുന്നതും വേഗം ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്ന ബോഡികൾ നിലവിൽ വരുത്തി സർവ്വകലാശാല ഒരു ജനകീയസമിതിയെ ഏൽപ്പിക്കാൻ ഗവൺമെൻറ് ഒരുങ്ങുന്നതാണെന്നും ഒരു കരുതലായിട്ടു മാത്രമാണ് രണ്ടു കൊല്ലം എന്നു വച്ചിട്ടുള്ളതെന്നും ആവശ്യത്തിൽ അൽപ്പംപോലും കൂടുതൽ സമയം ഈ സെനറ്റിനെയോ സിൻഡിക്കേറ്റിനെയോ ജീവിപ്പിക്കണമെന്നു ഗവൺമെൻറിനാഗ്രഹമില്ലെന്നും ഈ സഭയ്ക്കു ഉറപ്പുനൽകാൻ ഞാനാഗ്രഹിക്കുകയാണ്. സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കിവച്ചിരുന്നു എന്നു ശ്രീ. വാര്യർ സമ്മതിച്ചതു തന്നെ ഇക്കാര്യത്തിൽ ഗവൺമെൻറ് എത്രമാത്രം ആത്മാർത്ഥമായി പ്രവർത്തിച്ചു എന്നുള്ളതിനുതെളിവാണ്. അധ്യാപകർക്കറിയാം, അവരുടെ ബന്ധുവായ ശ്രീ. വാര്യർക്കറിയാം എല്ലാ സ്നേഹിതർമാർക്കുമറിയാം ഈ സർവ്വകലാശാലാ നിയമത്തെസംബന്ധിച്ചിടത്തോളം നിയമക്കോടതിയിൽ അതിനുവേണ്ടിപൊരുതുന്നതിനും അതനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടുകൾ നിർമ്മിക്കുന്നതിനും സാധാരണയിൽക്കവിഞ്ഞ വേഗത ഞാൻ കാണിച്ചിരുന്നെന്ന്. അതിന്റെ പ്രത്യേക പ്രവർത്തനത്തിനു വേണ്ടി സെക്രട്ടേറിയറ്റിൽ പ്രത്യേക ഏർപ്പാടുകളും ഞാൻ ചെയ്തിരുന്നു. എന്നാൽ സ്റ്റാറ്റ്യൂട്ട് നേരത്തെ ഇഷ്യൂ ചെയ്യുന്നതു ശരിയായിരിക്കുകയില്ലെന്നു ശ്രീ. വാര്യരെപ്പോലെ നിയമജ്ഞനായ ശ്രീ. മോഹൻകുമാരമംഗലം ഞങ്ങളെ ഉപദേശിച്ചതുകൊണ്ടാണ് ഇങ്ങനെ ചെയ്തിട്ടുള്ളത് എന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. അങ്ങനെ അഭിഭാഷകൻമാരുടെ ഉപദേശം സ്വീകരിച്ചുകൊണ്ടു സ്റ്റാറ്റ്യൂട്ടു ഇഷ്യൂചെയ്യാതിരുന്നതാണ്. നേരത്തെ തയ്യാറാക്കിവച്ചിട്ടുണ്ടായിരുന്നു. അക്കാര്യത്തിൽ യാതൊരു ആത്മാർത്ഥതയില്ലായ്മയും ഗവൺമെൻറിന്റെ പക്ഷത്തില്ലെന്നും അധ്യാപകർക്കു നൻമ ചെയ്യുന്ന ഈ സർവ്വകലാശാലാ നിയമം ഏതുദ്ദേശത്തോടുകൂടി പാസ്സാക്കിയോ അതേ ഉദ്ദേശത്തോടുകൂടി നടപ്പിലാക്കുന്നതിന്, എത്രയും വേഗത്തിൽ നടപ്പിലാക്കുന്നതിന്, ആവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണെന്നു ഈ സഭയെ ഞാൻ അറിയിക്കുകയാണ്. ഇങ്ങനെ സംസാരിക്കുന്നതിനിടയിൽ—ആവശ്യമുണ്ടായിട്ടില്ല—ചിലയാളുകളുടെ മേലെല്ലാം ചെളിവാരിത്തേയ്ക്കാൻ ശ്രീ. വാര്യർ ഒരു രണ്ടാം സ്വഭാവമെന്നോണം പരിശ്രമിച്ചതു തെറ്റായിപ്പോയി. ശ്രീ. പുരുഷോത്തമൻപിള്ള എന്ന ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യത്തിൽ ഞാൻ വർഗ്ഗീയത കാണിച്ചു എന്നൊരു പ്രസ്താവം പറയുകയുണ്ടായി താൻ അതു സമ്മതിക്കുന്നില്ല എന്ന അർത്ഥത്തിൽ ചിലതു പറയുകയുണ്ടായി. "ഞാനൊന്നു മറിഞ്ഞില്ലേ രാമനാരായണ.....ആമയെച്ചുട്ടാലും മലത്തിയിട്ടു ചുടണ്ടേ" എന്നു പറഞ്ഞ പ്രശസ്തനായ സന്ന്യാസിയെപ്പറ്റിയാണ് ശ്രീ. പുരുഷോത്തമൻപിള്ളയുടെ പ്രസംഗം കേട്ടപ്പോൾ ഞാൻ ചിന്തിച്ചുപോയത്. വസ്തുതകളുമായി എന്തെങ്കിലും ബന്ധമുണ്ടോ സർ? 17 മെമ്പർമാർ ഉള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

സിൻഡിക്കേറ്റിൽ മുസ്ലീം സമുദായത്തിൽപ്പെട്ട ഒരാൾ മാത്രമേയുള്ളുവെന്നും ആ സമുദായത്തിന്റെ പ്രാതിനിധ്യം കുറഞ്ഞുപോയി എന്നും ആക്ഷേപമുണ്ടായിരുന്നു. അതു ന്യായമായ ആക്ഷേപമായിരുന്നു സർ. വാസ്തവത്തിൽ സിൻഡിക്കേറ്റാണു മാസംതോറും യോഗം ചേരുകയും യൂണിവേഴ്സിറ്റിയെസംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യുന്ന സഭ. ഈ സഭയിൽ ആ സമുദായത്തിനു വേണ്ട പ്രാതിനിധ്യം നൽകിയിട്ടില്ലെന്നു പറയുന്നതിനു പകരം പേരുപോലും പറയാൻ വൈഷമ്യമുള്ള ഒരു പത്രത്തിൽ വന്ന ഒരു റിപ്പോർട്ട്, ആകെയുള്ള സെനറ്റ്മെമ്പർമാരിൽ പത്തിരുപതു മുസ്ലീങ്ങൾ വന്നുപോയി എന്നുള്ള പ്രശ്നം താൻ അതിനെ അനുകൂലിക്കുന്നില്ല എന്നുള്ള നിലയിൽ വളരെ രസകരമായ മുഖവുരയോടുകൂടി ഇവിടെ അവതരിപ്പിച്ചു പറയാൻ ചില മെമ്പറൻമാർ ശ്രമിച്ചതു കഷ്ടമായിപ്പോയി. ഇതിൽ സാജനപക്ഷപാതം കാണിച്ചു എന്നു പറയുന്നു. എന്താണുസർ, സാജനപക്ഷപാതം എന്നു പറയുന്നത്?

ശ്രീ. എം. കെ. എ. ഹമീദ്: ബഹുമാനപ്പെട്ട പുരുഷോത്തമൻപിള്ളയും ബഹുമാനപ്പെട്ട വാര്യരും പറഞ്ഞത് അതിനെ എതിർത്തല്ല. അതവർ സ്വാഗതം ചെയ്യുന്നുവെന്നാണു പറഞ്ഞത്. മുസ്ലീംലീഗുകാർ മാത്രമാണോ മുസ്ലീങ്ങൾ എന്നാണു ചോദിച്ചത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ ആദ്യം പറഞ്ഞതു ഉപമയോടുകൂടി പറഞ്ഞതു ബഹുമാനപ്പെട്ട ഹമീദിന്റെ തലച്ചോറിലേയ്ക്കു നേരേ കടക്കാത്തതിൽ ഞാൻ ഖേദിക്കുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയന്റെ പ്രതിനിധിയായി യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയനുമായി ബന്ധപ്പെടാത്ത ആളെ അവർ നിർദ്ദേശിച്ചതിനു വിരുദ്ധമായി എടുത്തു എന്നുള്ളതിന്റെ പേരിൽ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയന്റെ പ്രസിഡന്റു സ്ഥാനം തുടർന്നു വഹിക്കാൻ ആഗ്രഹിക്കുന്നില്ലെന്നുള്ള നിലയിൽ ശ്രീകണ്ഠൻനായർ എം. പി. രാജിവച്ചു എന്നുള്ള വാർത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെയൊരു പ്രചാരവേല കേട്ടിട്ടുണ്ട്. ശരിയല്ല. യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയന്റെ ഒരു സജീവ പ്രവർത്തകനെ അതുമായി ബന്ധപ്പെട്ടയാളുകൾ ചൂണ്ടിക്കാണിച്ചതനുസരിച്ചാണ് എടുത്തിട്ടുള്ളത്. ശ്രീ. ഹമീദിന്റെ ചോദ്യത്തിന് ഉത്തരം പറയുന്നതിനു മുൻപാണ് ശ്രീ. വാര്യർ ചോദിച്ചത്. എല്ലാം മുസ്ലീം ലീഗുകാരായിപ്പോയി എന്നാണ് ഒരാക്ഷേപം പറഞ്ഞത്. മുസ്ലീംലീഗ് മുസ്ലീംസമുദായത്തിൽ എത്രയാളുകളുടെ പ്രതിനിധ്യം വഹിക്കുന്നുവെന്നെനിക്കറിയാം. എന്നിട്ടും സെനറ്റിൽ പോയവരെല്ലാം മുസ്ലീംലീഗുകാരല്ലതാനും.

ശ്രീ. എം. കെ. എ. ഹമീദ്: സർ, ശ്രീ. വാര്യരും പുരുഷോത്തമൻപിള്ളയും പറയാത്തത് പറഞ്ഞുഎന്നുള്ള രീതിയിൽ അവതരിപ്പിച്ചപ്പോൾ അതു ചൂണ്ടിക്കാണിക്കുകയാണ് ഞാൻ ചെയ്തിട്ടുള്ളത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുസ്ലീങ്ങൾക്കു കൂടുതൽ പ്രാതിനിധ്യം കൊടുത്തു എന്നൊരു പത്രം പറയുകയുണ്ടായി, താൻ അനുകൂലിക്കുന്നില്ല എന്നാണ് പറഞ്ഞത്. അപ്പോൾ പത്രം പറഞ്ഞതു പരാമർശിക്കപ്പെടണം താൻ അനുകൂലിക്കുന്നുമില്ല എന്ന നിലയിലാണ് സംസാരിച്ചതെന്നാണ് എന്റെ വാദം. ഞാൻ എന്റെ വാദമാണു പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: ബഹുമാനപ്പെട്ട ഹമീദിനെ ഉൽപ്പെടുത്താത്തതിലുള്ള സങ്കടംകൂടി ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. മുസ്ലീംങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകി എന്നു പറയുകയും ഹമീദിന് കൊടുത്തില്ല എന്നു പറയുകയും ചെയ്യുന്നതിന്റെ വിരോധാഭാസം എന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതെല്ലാം സ്വയംസംസാരിക്കുന്ന വസ്തുതകളാണ്. മുസ്ലീംലീഗുകാർ അത്ര കൂടുതലൊന്നുമില്ല. പ്രൊഫസർമാർ ഉണ്ട്, കോളേജ് അധ്യാപകരുണ്ട് കൂട്ടത്തിൽ മുസ്ലീംലീഗുകാരുമുണ്ട്. നിങ്ങളെല്ലാം മുസ്ലീംലീഗിനെ പിന്താങ്ങാത്ത ദിവസം മുസ്ലീംലീഗിനെ അസ്തമിപ്പിക്കാൻ ഇപ്പോഴേ ഭരണം നിങ്ങളുടെ കൈയിലല്ലല്ലോ? പക്ഷേ അമിതമായ പ്രാതിനിധ്യം മുസ്ലീംലീഗിനു കൊടുത്തിട്ടില്ല. ഒരു രാഷ്ട്രീയ കക്ഷിയെന്നുള്ള നിലയിൽ മുസ്ലീംലീഗിനും പ്രാതിനിധ്യം കൊടുത്തിട്ടുണ്ട്. രാഷ്ട്രീയത്തെ അങ്ങേയറ്റം മുറുക്കിപ്പിടിച്ചിരുന്ന സ്നേഹിതൻമാർക്ക് പെട്ടെന്നു അതിനോടുവെറുപ്പുണ്ടായത് ഈയിടെയുള്ള സംഭവവികാസങ്ങളം കൊണ്ടാണെന്നാണ് എനിക്കു തോന്നുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ രീതിയിൽ ഞങ്ങളം പരാമർശിക്കാത്തതു പരാമർശിച്ചു എന്നുള്ള നിലയിൽ സംസാരിക്കുന്നതു ശരിയാണോ; രാഷ്ട്രീയ ഉള്ളടക്കം ഉണ്ടാകുന്നതിൽ ഞങ്ങളം എതിരല്ല എന്നു പറഞ്ഞു കൊണ്ടല്ലേ സംസാരിച്ചത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട വാര്യർ പറഞ്ഞു എന്നു ഞാൻ പറയുന്നില്ല. പലരും രാഷ്ട്രീയകക്ഷികൾക്കു വീതിച്ചു കൊടുക്കുകയാണെന്നു പറഞ്ഞു. കോഴിക്കോട്ടു സർവ്വകലാശാല ഉണ്ടായപ്പോൾ വലിയ രാഷ്ട്രീയക്കാരനായ ശ്രീ. ഗോവിന്ദപ്പിള്ളയ്ക്കു കൊടുത്തതിൽ ശ്രീ. വാര്യർക്ക് ആക്ഷേപം ഉണ്ടാകുകയില്ല. അബ്ദുള്ളക്കോയ രാഷ്ട്രീയക്കാരനായിരുന്നു. 50 ശതമാനം അക്കാഡമിക്കായി ഉള്ളവരെഎടുത്തിരിക്കുകയാണ്. ബാക്കിയുള്ള 50 ശതമാനം ഔട്ടുസൈഡ് എലിമെൻറാണ്. ഈ തത്വം അമേരിക്കയിലും മറ്റും അംഗീകരിച്ചിട്ടുള്ളതാണ്. ഔട്ടുസൈഡ് എലിമെൻറ് ഉണ്ടായിരിക്കണം രാഷ്ട്രീയപ്രധാനമായ കേരളത്തിൽ ആളുകളെ കൊന്നാൽ പോലും അതിൽ രാഷ്ട്രീയമല്ലേ? ബലാൽസംഗംചെയ്താലും രാഷ്ട്രീയ കക്ഷി നോക്കുകയാണ്. ഔട്ട്സൈഡ് എലിമെൻറിനെ എടുക്കുമ്പോഴേ ചിലപ്പോൾ രാഷ്ട്രീയമുണ്ടാകും. രാഷ്ട്രീയക്കാരെ തീരെ ഒഴിച്ചു നിർത്തിയിട്ടില്ല. സെനറ്റിനെസംബന്ധിച്ചിടത്തോളം ഓരോ കാറ്റഗറി തിരിച്ചു കൊണ്ടാണ് ഏറെക്കുറെ നോമിനേഷൻ വന്നിട്ടുള്ളത്. അതിൽ ഒന്നുരണ്ടു പ്രിൻസിപ്പൽമാർ അക്കാഡമിക് കൗൺസിലിൽനിന്നോ മറ്റു വിധത്തിലോ വന്നാൽ അതു ആകസ്മികം പ്രിവൻറു ചെയ്യുന്നില്ല. മറ്റുവിധത്തിൽ വന്നു കൊള്ളട്ടെ എന്നവിധത്തിലാണ്. എന്നുമാത്രമല്ല ഉണ്ണികൃഷ്ണപിള്ള പറഞ്ഞതുപോലെ നോമിനേഷൻ വരുമ്പോഴേ ഏലക്ഷൻറെ എല്ലാ തത്വങ്ങളും അംഗീകരിക്കാൻ കഴികയില്ല. ഇലക്ഷൻ നടന്നാൽ ആരും വന്നില്ലെന്നു വരും, ചിലർ വന്നു എന്നും വരും. നോമിനേഷൻ പരമാവധിവരാൻകഴിയുന്നവർ വന്നു. ഇലക്ഷനിൽ വരുന്നയാളുകളെ മാത്രമേ നോമിനേറ്റു ചെയ്യാവൂ എന്നു പറയുന്നതു ശരിയല്ല. എം. എൽ. എ. മാരെ തിരഞ്ഞെടുക്കുമ്പോഴേ സെനറേഴ്സ് ഫോറത്തിൽനിന്നും എടുത്തിട്ടില്ല എന്നു പറഞ്ഞു. രാഷ്ട്രീയ പാർട്ടികളിൽ നിന്നെടുക്കുമ്പോഴേ അതതു കക്ഷിനേതാക്കൻമാരോട് ആലോചിച്ചിട്ടുണ്ടായിരുന്നു. അങ്ങനെയൊരു മര്യാദയും കാണിച്ചിട്ടുണ്ടായിരുന്നു. നാട്ടിലുള്ള പ്രഗൽഭൻമാരെ മുഴുവൻ യൂണിവേഴ്സിറ്റിയിൽ കൊണ്ടുവരാൻ സാധ്യമല്ല. കുറെ പ്രഗൽഭൻമാർ പുറത്തും ഇരിക്കട്ടെ എന്നുമാത്രമാണ് ഇതേസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു പറയുവാനുള്ളത്. ഈ ഓർഡിനൻസ് നിയമമാക്കിത്തരണമെന്നു പറയുന്ന അവസരത്തിൽ ഓർഡിനൻസിനെപ്പറ്റി വളരെയധികം ആക്ഷേപങ്ങൾ ഉണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും യാതൊരു ജാഗ്രതക്കുറവും ഇല്ലാതിരുന്നുവെന്നും ഇങ്ങനെയൊരു ഓർഡിനൻസ് ആവശ്യമായിരുന്നു എന്നും ശ്രീ. വാര്യർക്ക് സ്നേഹപൂർവ്വം വസ്തുനിഷ്ഠമായി കാണാൻ കഴിഞ്ഞു എന്നുള്ളതിൽ എനിക്ക് അദ്ദേഹത്തോടുള്ള പ്രത്യേകമായ കൃതജ്ഞതയും ഞാൻ രേഖപ്പെടുത്തുന്നു.

The Amendment moved by Shri P. G. Purushothaman Pillai was, by leave, withdrawn.

The question that The Kerala University (Amendment) Bill, 1969 be taken into consideration was put and carried.

Clause 2

Dy. Speaker: Mr. Hameed, are you moving your amendment No. 6?

ശ്രീ. എം. കെ. എ. ഹമീദ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ തന്നെ ഒരുറപ്പുണ്ട്. കഴിയുന്നതും വേഗത്തിൽ തിരഞ്ഞെടുപ്പു നടത്താമെന്ന് അദ്ദേഹം ഉറപ്പു നൽകിയിട്ടുണ്ട്. അതിനെ മാനിച്ചുകൊണ്ട് എന്റെ അമൻറുമെൻറ് ഞാൻ അവതരിപ്പിക്കുന്നില്ല.

Shri C. B. Chandrasekhara Warrier: I move in clause 2, (Section 75 A (2) proposed to be inserted in the original Act) in sub clause 2 for the words, "two years" the words "one year".

രണ്ടുവർഷം എന്നുള്ളത് ആവശ്യമില്ലാത്തതുതന്നെയാണ്. ഇതു ബഹുമാനപ്പെട്ട ഉണ്ണികൃഷ്ണപിള്ള നേരത്തെ പറഞ്ഞു—രണ്ടുകൊല്ലം എന്നതു കുറയ്ക്കണമെന്നാണ് ഇതിൽപ്പറയുന്നത്. "two years or until the new body is elected" എന്നാണ് ബഹു: മന്ത്രി പറഞ്ഞു രണ്ടു കൊല്ലമാകുകയില്ല. എന്ന് പക്ഷേ ഇന്നത്തെ നോമിനേറ്റഡ് ബോഡി അതിന് ഇരിക്കാൻ കഴിയുന്നതിന്റെ പരമാവധി ഇരിക്കാൻ ശ്രമിക്കും.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: സർ, പോയിൻറ് ഓഫ് ഓർഡർ. സർവ്വകലാശാലയുടെ വളരെ ഉത്തരവാദപ്പെട്ട ഒരു ഭരണാധികാര സഭയായ സിൻഡിക്കേറ്റിനെ സംബന്ധിച്ച് ദുസ്സൂചനകൾ അടങ്ങുന്ന പരാമർശം ഓർഡറിലാണോ?

ഡെ: സ്പീക്കർ: ദുസ്സൂചന പാടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: യാതൊരു ദുസ്സൂചനയുമില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് അധികാരത്തിൽ ചടഞ്ഞുകൂടിയിരിക്കാൻ അത്രമാത്രം അധഃപതിച്ചതാണെന്ന ദുസ്സൂചന ശരിയാണോ?

ഡെ: സ്പീക്കർ: ദുസ്സൂചന പാടില്ലെന്നാണു പറഞ്ഞത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട സിൻഡിക്കേറ്റ് മെമ്പർക്ക് ഞാനിതു പറഞ്ഞപ്പോഴും അൽപ്പം മനോവേദന ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു ഞാൻ ഖേദിക്കുകയാണ്. പക്ഷേ എന്റെ പരാമർശനത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: നമുക്ക് ഒരുമിച്ചു വീതിക്കാമായിരുന്നു. ഞങ്ങളല്ല ഉത്തരവാദികൾ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇങ്ങനെ സഹതപിക്കുന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം അനവസരത്തിലും അസ്ഥാനത്തുമാണെന്നു മാത്രമേ എനിക്കു പറയാനുള്ളു. എനിക്ക് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് പറയാനുള്ളതു ബഹുമാനപ്പെട്ട ഉണ്ണിക്കൃഷ്ണപിള്ള നേരത്തെപറഞ്ഞ കാര്യങ്ങളൊന്നും തന്നെ എന്റെ ഭേദഗതിക്ക് എതിരായ വാദഗതിയാകുകയില്ല എന്നാണ്. കാരണം അദ്ദേഹംതന്നെ പറഞ്ഞതു മൂന്നുമാസം എന്നു ഞാൻ പറഞ്ഞാൽ അതു കുറവാണ് അഞ്ചുമാസം വേണ്ടിവരുമെന്നാണ്. ശരി, സമ്മതിച്ചു. അഞ്ചു മാസമെന്നുള്ളത് ആറുമാസം എന്നാക്കി അംഗീകരിക്കുകയാണ്. ആറു മാസത്തിനകം തിരഞ്ഞെടുപ്പു നടത്താൻ കഴിയുമെങ്കിൽ, രണ്ടുമൂന്നു മാസത്തിനകം സ്റ്റാറ്റ്യൂട്ട് പബ്ലിഷ് ചെയ്യാമെങ്കിൽ തീർച്ചയായും ഒരു വർഷത്തിനപ്പുറം ആവശ്യമില്ല. ശ്രീ. ഉണ്ണിക്കൃഷ്ണപിള്ള ആഗ്രഹിച്ചില്ലെങ്കിലും രണ്ടുവർഷത്തെ കാലാവധി ഉണ്ടെന്നുള്ളതു രണ്ടുവർഷം പരമാവധിവരെ തള്ളിനീക്കാനുള്ള വാസന ഉണ്ടാകും. രണ്ടുവർഷമെന്നുള്ളത് ഒരു വർഷമായി കുറച്ചുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഇതു നടത്തിയ നടപടികളെയൊന്നും ദോഷകരമായി ബാധിക്കുകയില്ല. എല്ലാ ബോഡികളിലേയ്ക്കും നോമിനേറ്റു ചെയ്തിട്ടുണ്ട്. ഈ ഭേദഗതി വരുന്നതുകൊണ്ട് ടു ഇയർ എന്നുള്ളത് വൺ ഇയർ ആകുന്നു എന്നുള്ളതല്ലാതെ യാതൊരു വിധത്തിലും പ്രവർത്തനത്തെ ബാധിക്കാൻ പോകുന്നില്ല. അതു ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പു പ്രാവർത്തികമാക്കാൻ സഹായകമായിരിക്കുകയും ചെയ്യും. കാരണം സെനറിലേയ്ക്കും സിൻഡിക്കേറിലേയ്ക്കും നോമിനേറ്റു ചെയ്തുകഴിഞ്ഞാൽ പിന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് നിയമം അനുസരിച്ചുള്ള ഉറപ്പു മാത്രമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇന്ന സമയത്തു തിരഞ്ഞെടുപ്പു നടത്തണമെന്നു നിർദ്ദേശിക്കാൻ അവകാശമില്ല. എനിക്ക് മുൻപ് ഒരു ഭേദഗതികൊടുത്തിരുന്ന ബഹു: ഹമീദ് പറഞ്ഞു ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ മറെറാന്നും പറയുന്നില്ലെന്ന്. ആ ഉറപ്പ് അംഗീകരിക്കാനും വിശ്വസിക്കാനും ഞാൻ തയ്യാറാണ്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിക്ക് കേരളാ യൂണിവേഴ്സിറ്റി ആക്ടനുസരിച്ച് രണ്ടു വർഷം തീരുന്നതിനുമുൻപു അധികാരത്തിൽനിന്ന് ഒഴിഞ്ഞുകൊള്ളണമെന്ന് നിർദ്ദേശം കൊടുക്കാൻ അധികാരമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പ് പ്രാവർത്തികമാക്കണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ എന്റെ ഭേദഗതി സ്വീകരിക്കണം. ഇതാണ് എനിക്കു പറയാനുള്ളത്.

Shri T. K. Krishnan: Sir, I move: in clause 2, (Section 75A (2) proposed to be inserted in the original Act) in sub-clause 2 for the words "for a period of two years" the words "for a period of six months" shall be substituted.

സർ, ബഹുമാനപ്പെട്ട മന്ത്രി നടത്തിയ നാമനിർദ്ദേശനസംബന്ധിച്ച് പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. രാഷ്ട്രീയമായി പക്ഷപാതം കാണിച്ചുവെന്നാണ് ഒരു ആക്ഷേപം. അതുപോലെ ജാതീയമായ ബന്ധങ്ങൾ അദ്ദേഹത്തെ നയിച്ചു എന്ന ആക്ഷേപമുണ്ട്. പലവിധത്തിലുള്ള പക്ഷപാതവും കാണിച്ചുവെന്ന ആക്ഷേപമുണ്ടായിട്ടുണ്ട്. അപ്പോഴും ഈ ആക്ഷേപത്തിന്റെയെല്ലാം അടിസ്ഥാനത്തിൽ നടന്ന ഈ നാമനിർദ്ദേശത്തിന്റെ കാലാവധി നീട്ടിക്കൊണ്ടുപോകുന്നത് ഒട്ടും തന്നെ ശരിയായിരിക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രി അവിടെ ഉറപ്പുനൽകി, കഴിയുന്നത്രവേഗം ഇലക്ഷൻ നടത്തുന്നതാണെന്ന്. അതു നല്ലതുതന്നെ. തീർച്ചയായും അദ്ദേഹം ആ

LIBRARY ARCHIVES Kerala Legislative Assembly

വാക്കുപാലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽത്തന്നെയും ഈ നിയമത്തിൽ രണ്ടു കൊല്ലമെന്നകാലാവധിയിരിക്കുന്നത് ഒട്ടുംതന്നെ ആ വാക്കുപാലിക്കുന്നതിനു സഹായകമായിരിക്കുകയില്ല. ഇവിടെ ഒരു കൊല്ലമെന്ന് ശ്രീമാൻ സി. ബി. സി. വാര്യർ പറയുകയുണ്ടായി. അതിനോടു ഞാൻ യോജിക്കുന്നില്ല. 6 മാസത്തിനുള്ളിൽ ഈ എലക്ഷൻ നടത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി. ആറുമാസത്തിനുള്ളിൽ അതു നടത്തുന്നതിനു പ്രായോഗികമായി വിഷമതകളുണ്ടായിരിക്കുകയില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ശ്രീമാൻ സി. ബി. സി. വാര്യർതന്നെ മൂന്നുമാസംകൊണ്ട് നടത്താവുന്നതാണെന്ന് നേരത്തെ പ്രസ്താവിക്കുകയുണ്ടായി. അതുകൊണ്ട് ആറുമാസത്തിനുള്ളിൽ ഈ എലക്ഷൻ നടത്തിയാൽ ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ഈ ആക്ഷേപങ്ങളിൽനിന്ന് ഒഴിവാകാൻ സാധിക്കുന്നതാണ്. അദ്ദേഹവും വളരെ വ്യഗ്രതയോടുകൂടി ഈ എലക്ഷൻ നടത്താൻ കാത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ആറുമാസമെന്ന എന്റെ ഭേദഗതി അദ്ദേഹം സ്വീകരിക്കുമെന്നാണ് എന്റെ വിശ്വാസം.

Mr. Deputy Speaker: Are you accepting the amendments?

Minister for Education (**Shri C. H. Mohammad Koya**): No, I am not accepting the amendments.

Amendment No. 7 moved by Shri C. B. Chandrasekhara Warrier was be leave, withdrawn.

Amendment No. 10 moved by Shri T. K. Krishnan was put and lost.

The question that Clause 2 stands part of the Bill was put and carried

Clause 2 was added to the Bill.

Clause 3

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 1, Preamble and Title

Minister for Education and Home (**Shri C. H. Mohammed Koya**): Sir, I move, In sub-clause (1) of Clause 1, for the figures '1969' the figures '1970 shall be substituted.

The amendment was put and carried.

The question that clause 1, preamble and title as amended stand par of the Bill was put and carried.

Clause 1, preamble and title as amended were added to the Bill.

Minister for Education (**Shri C. H. Mohammed Koya**): Sir, I move that the Kerala University (Amendment) Bill, 1970 be finally passed.

Shri T. A. Majid: Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly

The question that the Kerala University (Amendmend) Bill, 1970 be finally passed was put and carried.

The Bill was finally passed.

Deputy Speaker: Now we pass on to the Kerala Public Service Commission (Additional Functions as respects the Kerala State Road Transport Corporation), Bill, 1970.

Shri C. B. Chandrasekhara Warrier : Sir the next item on the agenda is the Kerala Public Services (Amendment) Bill, 1970.

Deputy Speaker: That has been changed.

The Kerala Public Service Commission (Additional Functions as Respects the Kerala State Road Transport Corporation) Bill, 1970.

Minister for Industries and Labour (**Shri P. Ravindran**): Sir, I introduce the Kerala Public Service Commission (Additional Functions as respects the Kerala State Road Transport Corporation) Bill, 1970. Sir, I also place before the Huose, a statement under Rule 73 (1) of the Rules of Procedure and conduct of Business in the Kerala Legislative Assembly.

Mr. Deputy Speaker: The Bill stands introduced.

Minister for Industries and Labour (**Shri P. Ravindran**): Sir, I move that the Bill be taken into consideration.

Minister for Education and Home (**Shri C. H. Mohammed Koya**): Sir, I second it.

[Shri K. Moideenkutty Haji in the Chair]

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, കേരളത്തിലെ ട്രാൻസ്പോർട്ട് അണ്ടർട്ടേക്കിംഗ്സ് ഒരു ഗവൺമെൻറു ഡിപ്പാർട്ടുമെൻറായി പ്രവർത്തിച്ചിരുന്ന കാലത്ത് ട്രാൻസ്പോർട്ടിലേക്കുള്ള ജീവനക്കാരെ തെരഞ്ഞെടുത്തുകൊണ്ടിരുന്നത് പബ്ലിക്ക് സർവ്വീസ് കമ്മിഷനായിരുന്നു. 1—4—1965—ൽ കേരളാ സ്റേറററു റോഡ് ട്രാൻസ്പോർട്ടു കാർപ്പറേഷൻ രൂപീകൃതമായി. അന്നുമുതൽ കാർപ്പറേഷനിലേയ്ക്കുള്ള നിയമനങ്ങളും കാർപ്പറേഷന്റെ ബാഡ്ധിതന്നെയാണു നടത്തിക്കൊണ്ടിരുന്നത്. അത് കാർപ്പറേഷനിൽ നിയമപ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരമുപയോഗിച്ചാണ് നിയമനം നടത്തിക്കൊണ്ടിരുന്നത്. എന്നാൽ കാർപ്പറേഷനിലെ നിയമനങ്ങളെസംബന്ധിച്ചിടത്തോളം വളരെയധികം വിമർശനങ്ങളും നമ്മുടെ രാജ്യത്തുണ്ടാവുകയും വളരെയധികം ജീവനക്കാരെ നിയമിക്കാൻ സാധ്യതയുള്ള ഒരു അണ്ടർട്ടേക്കിംഗ്സാണ് നമ്മുടെ കെ. എസ്. ആർ. ടി. സി. അങ്ങനെ നിയമനംനടത്തുന്നതിൽ ധാരാളം അഴിമതികളുണ്ടെന്നുള്ള ആരോപണം പൊതുജനമദ്ധ്യത്തിൽ ബലമായി ഉണ്ടാകാൻ തുടങ്ങി. അതുപോലെതന്നെ വളരെയധികം ആളുകളെ നിയമിക്കുന്ന ആ സ്ഥാപനത്തിൽ സാമുദായിക പ്രാതിനിധ്യം നിയമനങ്ങളിൽ അശേഷം ലഭിച്ചുകൊണ്ടിരിക്കുന്നില്ലെന്നുള്ള പരാതിയും നാട്ടിൽ ഉയർന്നുവരികയുണ്ടായി. വിശേഷിച്ചും പട്ടികജാതി പട്ടിക

LIBRARY ARCHIVES Kerala Legislative Assembly